# VISION 2031: വികസിതവും പുരോഗമനപരവുമായ ഒരു കേരളം ലക്ഷ്യമിട്ടുകൊണ്ടുള്ള തദ്ദേശസ്വയംഭരണവകുപ്പിന്റെ നയരേഖ

## ആമുഖം: പരിവർത്തനത്തിനുള്ള മാൻഡേറ്റ്

കേരളത്തിന്റെ വികസനത്തിന് ഗതിവേഗം നൽകുന്നതിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾ സുപ്രധാനമായ പങ്കാണ് വഹിക്കുന്നത്. വികസനത്തിന്റെ ഫലങ്ങൾ താഴെത്തട്ടുവരെ എത്തിക്കുന്നതും അതിന്റെ സദ്ഫലങ്ങൾ നിലനിർത്തുന്നതും തദ്ദേശ ഭരണസ്ഥാപനങ്ങളാണ്. അധികാര വികേന്ദ്രീകരണത്തിന്റെ അന്തഃസത്ത പൂർണ്ണമായും ഉൾക്കൊണ്ടു കൊണ്ട് കേരളം ആവിഷ്കരിച്ച വികേന്ദ്രീകൃതാസൂത്രണ മാതൃകയാണ് ഇതു സാദ്ധ്യമാക്കിയത്. അടിസ്ഥാന ജന വിഭാഗങ്ങളുടേയും ഗ്രാമപ്രദേശങ്ങളുടേയും വികസനത്തിന് ഏറെ മുന്നോട്ടു പോകാൻ നമുക്ക് കഴിഞ്ഞത് ശക്തമായ തദ്ദേശഭരണസംവിധാനം നിലനിൽക്കുന്നതു കൊണ്ടാണ്.

എല്ലാ വിഭാഗങ്ങളെയും ഉൾച്ചേർക്കുന്ന, പ്രത്യേകിച്ച് അടിസ്ഥാന ജനവിഭാഗങ്ങളുടെ ജീവിതത്തെ മാറ്റിമറിക്കുന്ന, പ്രാദേശികമായിട്ടുള്ള അസന്തുലിതാവസ്ഥയെ വലിയ ഒരളവോളം പരിഹരിക്കാൻ ഉതകുന്ന തരത്തിലുള്ള വികസനത്തിന്റെ ഗുണഫലങ്ങൾ എല്ലായിടത്തും എത്തിക്കാൻ കഴിഞ്ഞതിൽ നേതൃത്വപരമായിട്ടുള്ള പങ്കാണ് തദ്ദേശസ്ഥാപനങ്ങൾ വഹിച്ചിട്ടുള്ളത്. ഈ വികസന മാതൃകയുടെ മുഖമുദ്ര ജനപങ്കാളിത്തമാണ്. പദ്ധതികളുടെ ആസൂത്രണത്തിലും നടത്തിപ്പിലും മുതൽ ദുരന്ത നിവാരണത്തിലും ദുരിതാശ്വാസ പ്രവർത്തനത്തിലും വരെ കേരള മാതൃകയുടെ സവിശേഷത ജനങ്ങളുടെ വൻതോതിലുള്ള പങ്കാളിത്തമാണ്.

ഈ പ്രക്രിയയിൽ ഒന്നും, ദുരന്തനിവാരണമാകട്ടെ, ദുരിതാശ്വാസമാകട്ടെ, ഇതിലൊന്നും ജനങ്ങൾ നിശബ്ദരായിട്ടുള്ള കാഴ്ചക്കാരല്ല. സജീവമായ പങ്കാളിത്തം വഹിക്കുന്നവരാണ്. ജനങ്ങളുടെ കഴിവ്, സന്നദ്ധത, ജനങ്ങളുടെ സർഗ്ഗാത്മകത, ഊർജ്ജം ഇതെല്ലാം കൊണ്ടാണ് കേരളം ഈ മികച്ച അഭിമാനകരമായ നേട്ടങ്ങൾ കൈവരിച്ചിട്ടുള്ളത്. അതിൽ നിർണായകമായ, നേതൃത്വപരമായ പങ്ക് വഹിച്ചിട്ടുള്ള, ഏറ്റവും താഴെത്തട്ടിൽ ജനങ്ങളെ അണിനിരത്തി ഈ പ്രവർത്തനങ്ങൾക്കെല്ലാം നേതൃത്വം കൊടുക്കുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്.

അതോടൊപ്പം പുതിയ കാലം ഉയർത്തുന്ന വെല്ലുവിളികൾ നേരിടുന്നതിന് തദ്ദേശസ്വയംഭാരണത്തിന്റെ സമീപനത്തിലും സ്ഥാപനങ്ങളുടെ പ്രവർത്തനത്തിലും നിരവധി പരിഷ്കാരങ്ങളും മെച്ചപ്പെടുത്തലുകളും ആവശ്യമുണ്ട്.

കേരളത്തിന്റെ സമ്പദ് വ്യവസ്ഥ സുസ്ഥിരമായ വളർച്ച കൈവരിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്താതെ നമുക്ക് ഭാവിയിലേയ്ക്ക് പ്രത്യാശയോടെ നോക്കുക എളുപ്പമാവില്ല. പൗരസേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സന്തോഷകരമായ ജീവിതം എല്ലാവർക്കും പ്രദാനം ചെയ്യുന്നതിനും എല്ലാവരേയും ചേർത്ത് പിടിച്ചുകൊണ്ടുള്ള വികസനം ഉറപ്പാക്കുന്നതിനും നമ്മുടെ ആസൂത്രണ-നിർവ്വഹണ സംവിധാനങ്ങളുടെ കാര്യക്ഷമത ഇനിയുമേറെ വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. കേരളത്തിന്റെ വികസനത്തിനായി വിനിയോഗിക്കപ്പെടുന്ന പദ്ധതി വിഹിതത്തിന്റെ വികസനത്തിൽ ഏതാണ്ട് 42 ശതമാനത്തോളം തുക കൈകാര്യം ചെയ്യുന്ന തദ്ദേശ ഭരണസ്ഥാപനങ്ങൾ, പക്ഷെ, ധന വിഭവങ്ങളുടെ കുറവ്, കാലാവസ്ഥാ മാറ്റം, ഉയർന്ന നഗരവത്ക്കരണം, തൊഴിലില്ലായ്മ, കുറഞ്ഞ വ്യവസായ

വത്കരണം, കാർഷിക മേഖലയുടെ കുറഞ്ഞ വളർച്ച എന്നിങ്ങനെ ഘടനാപരമായ നിരവധി പ്രശ്നങ്ങൾ മൂലം ബുദ്ധിമുട്ട് നേരിടുകയും ചെയ്യുന്നു.

നിലവിലെ നേട്ടങ്ങൾ നിലനിർത്തുകയും മെച്ചപ്പെടുത്തുകയും ചെയ്യുക, പുതിയ വികസന വെല്ലുവിളികൾ നേരിടുക എന്നിങ്ങനെയുള്ള ശ്രമകരമായ ദൗത്യങ്ങളാണ് നമ്മുടെ മുന്നിലുള്ളത്. കേരളത്തിന്റെ ഭൂമിശാസ്ത്രപരവും പാരിസ്ഥിതികവും സാമൂഹികവുമായ സവിശേഷതകൾക്ക് യോജിക്കുന്ന വികസന മാതൃക ആവിഷ്കരിക്കുന്ന തരത്തിൽ, മനുഷ്യ വിഭവ ശേഷി, പശ്ചാത്തല സൗകര്യം, ജൈവ വൈവിധ്യം, ഉന്നതവിദ്യാഭ്യാസം, വൈദ്യശാസ്ത്ര സേവനം, ടൂറിസം, എന്നിങ്ങനെ കേരളത്തിന്റെ വികസന സാദ്ധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്താനുള്ള വിജ്ഞാനാധിഷ്ഠിത മേഖലകളിലെ പദ്ധതികളാണ് നാം വിഭാവനം ചെയ്യുന്നത്.

അങ്ങനെ ജനപങ്കാളിത്തത്തിലും അതുപോലെ അധികാരവികേന്ദ്രീകരണത്തിന്റെയും വികേന്ദ്രീകൃതആസൂത്രണത്തിന്റെയും തത്വങ്ങളിലും ഊന്നി നിന്നുക കൊണ്ട് തന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുക, പ്രാദേശിക ഭരണ സംവിധാനത്തെ കലാനുസൃതമായി നവീകരിക്കുക എന്ന കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഈ നയരേഖ (Vision 2031) അവതരിപ്പിക്കുന്നത്.

## PART 1: പൊതുവായ ലക്ഷ്യങ്ങളും ഊന്നൽ നൽകേണ്ട മേഖലകളും

താഴെപ്പറയുന്ന പൊതുവായ ലക്ഷ്യങ്ങളിലൂന്നിയും നയങ്ങളിൽ അധിഷ്ഠിതമായും പ്രവർത്തനങ്ങൾ ഏറ്റെടുക്കാനാണ് വകുപ്പ് ഉദ്ദേശിക്കുന്നത്.

### 1.1 പൗര കേന്ദ്രീകൃത തദ്ദേശ സ്വയംഭരണം

നടപടിക്രമങ്ങൾക്കും ഹയറാർക്കിക്കും പ്രാധാന്യമുള്ള പരമ്പരാഗതമായ മാതൃകയിൽ നിന്ന്, സുതാര്യത, ഉത്തരവാദിത്തം, പ്രതികരണശേഷി, പങ്കാളിത്തം എന്നിവയ്ക്ക് ഊന്നൽ നൽകുന്നതും പൗരന് പ്രഥമസ്ഥാനം നൽകുന്നതുമായ മാതൃകയിലേക്ക് തദ്ദേശ സ്വയംഭരണം അടിസ്ഥാനപരമായി മാറ്റുന്നതിന് പ്രഥമ പരിഗണന നൽകും. വികസന പദ്ധതികളും സേവനങ്ങളും ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായി പ്രത്യേകം രൂപകൽപന ചെയ്യപ്പെടുകയും ജനങ്ങൾ തീരുമാനപ്രക്രിയകളിൽ സജീവമായി പങ്കാളികളാകുകയും ചെയ്യുമ്പോൾ, ഭരണകൂടം കൂടുതൽ കാര്യക്ഷമവും വിശ്വാസ്യതയുള്ളതുമായിരിക്കും എന്നാ തത്വത്തിനു ഊന്നൽ നൽകും.

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ആസൂത്രണപ്രക്രിയയിൽ പ്രത്യേകിച്ച് വാർഷിക പദ്ധതി രൂപീകരണത്തിൽ പൗരന്മാരുടെ തത്സമയ ഇൻപുട്ടും നിരീക്ഷണവും സുഗമമാക്കുന്നതിനും ഗ്രാമസഭകളിൽ പങ്കാളിത്തം കൂട്ടുന്നതിനും തദ്ദേശ സ്വയംഭരണ വകുപ്പ് ഒരു വിശാലമായ പ്ലാറ്റ്ഫോം വികസിപ്പിക്കുന്നതാണ്. പൗരന്മാരുടെ ആവശ്യങ്ങൾക്കനുസരിച്ച് താമസം വിനാ പ്രതികരിക്കുന്ന സേവനദാതാക്കളായി തദ്ദേശ ഭരണ സ്ഥാപനങ്ങളെ പരിവർത്തനപ്പെടുത്തും. പൗരന്മാരുടെ ആവശ്യങ്ങൾ കണ്ടറിയുന്ന, കർത്തവ്യങ്ങൾ കൂടി മുൻകൂട്ടി അറിയിക്കുന്ന proactive & Predictive governance ന്റെ മാതൃക സംസ്ഥാനമൊട്ടാകെ നടപ്പാക്കും.

### 1.2 തദ്ദേശസ്ഥാപനങ്ങളുടെ ശാക്തീകരണം, സാമ്പത്തിക സ്വയംപര്യാപ്തത

വിഷൻ 2031 ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് തദ്ദേശസ്ഥാപനങ്ങളുടെ ശേഷി വർദ്ധിപ്പിക്കേണ്ടത് അത്യാവശ്യമാണ്. കാര്യശേഷി വികസനം വഴി സദ്ഭരണം, സാമ്പത്തിക സ്വയംഭരണം, പൌരകേന്ദ്രീകൃത ഭരണം, കൃത്യമായ പദ്ധതിനിർവഹണം എന്നിവ സാധ്യമാക്കിക്കൊണ്ട് അർഹരായ എല്ലാവരിലേക്കും സേവനമെത്തിക്കാനും പദ്ധതി വിഹിതത്തിന്റെ 100% വിനിയോഗ നിരക്ക് കൈവരിക്കാനും ലക്ഷ്യമിടുന്നു. കെ-സ്മാർട്ട് പോലുള്ള സംവിധാനങ്ങളുടെ പൂർണ്ണമായ പ്രയോജനപ്പെടുത്തൽ, പ്രോഫഷനലായുള്ള ആസൂത്രണവും നിർവഹണവും, ലഭ്യമായ വരുമാന സ്രോതസുകളുടെ ശരിയായ അനുമാനവും ഫലപ്രദമായ ശേഖരണം, പ്രാദേശിക വിഭവ സമാഹരണത്തിനുള്ള പുതിയ വഴികൾ പര്യവേക്ഷണം ചെയ്യൽ, എന്നിവയിലൂടെ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കും.

### 1.3 ക്ഷേമം, സാമൂഹിക സുരക്ഷ, സാമ്പത്തിക പരിവർത്തനം

ഓരോ പാർശ്വവൽക്കരിക്കപ്പെട്ട പൗരനും തുടർച്ചയായതും മാന്യവുമായ പിന്തുണ ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ സംസ്ഥാനത്തിന്റെ ക്ഷേമ പ്രതിബദ്ധത നടപ്പിലാക്കുന്നതിനുള്ള സാമൂഹിക സുരക്ഷാ അടിസ്ഥാന യൂണിറ്റുകളായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതാണ്.

ക്ഷേമപെൻഷനുകൾ കൃത്യ സമയത്ത് വിതരണം ചെയ്യുക, വയോജനങ്ങൾക്കും ഭിന്നശേഷിക്കാർക്കും പരിരക്ഷ നൽകുക, ഒപ്പം സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള പിന്തുണ സംവിധാനങ്ങൾ ഉറപ്പാക്കുക എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കണം. ആരോഗ്യ സംരക്ഷണ രംഗത്ത്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ ശക്തിപ്പെടുത്താനും, പ്രതിരോധ-സാമൂഹികാധിഷ്ഠിത ആരോഗ്യ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കാനും, ശുദ്ധജലം, ശുചിത്വം, പോഷകാഹാരം എന്നിവയുടെ ലഭ്യത ഉറപ്പാക്കാനും കഴിയും. തദ്ദേശ ഭരണസ്ഥാപനങ്ങൾ പ്രാദേശിക സാമ്പത്തിക വികസനത്തിന്റെ കൂടി പ്രഭവ കേന്ദ്രങ്ങളായി മാറിയെങ്കിലേ ഇപ്പോൾ സംസ്ഥാനത്തു നടക്കുന്ന സാമ്പത്തിക വികസനത്തിന്റെ ഗതിവേഗം കൂട്ടാൻ കഴിയൂ. ഒപ്പം അതിദാരിദ്ര്യം തുടച്ചുമാറ്റാൻ ഏറ്റെടുത്ത ശ്രമങ്ങൾ ഇനി ഇതിന്റെ ഗുണഫലങ്ങൾ സുസ്ഥിരമാക്കുന്നതിലേക്കും വെല്ലുവിളി നേരിടുന്ന കുടുംബങ്ങളിലെക്കും വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളും ഏറ്റെടുക്കും.

### 1.4. സുസ്ഥിര അടിസ്ഥാന സൗകര്യങ്ങളും സംയോജിത വികസനവും

അടിസ്ഥാന സൗകര്യ വികസനത്തിനായി സംയോജിത, ദീർഘകാല ഭൂവിനിയോഗ ആസൂത്രണത്തിലേക്കുള്ള മാറ്റം അനിവാര്യമാണ്, വികസന സുസ്ഥിരമായ നഗര-ഗ്രാമ ആസൂത്രണ കാഴ്ചപ്പാടുമായി യോജിപ്പിച്ചതുമായിരിക്കണമെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ലക്ഷ്യമിടുന്നു. ഭൂമിശാസ്ത്രപരവും സാമ്പത്തികവും/സാംസ്കാരികവുമായ സവിശേഷതകൾ ഉൾക്കൊണ്ടുകൊണ്ടും ഭാവിയിലെ വളർച്ചാ സാദ്ധ്യതകളും ആധുനിക വൽക്കരണ സാദ്ധ്യതകളും പരിഗണിച്ചുകൊണ്ടുമുള്ള സൂക്ഷ്മ തല വികസന പദ്ധതികളിലും ശ്രദ്ധ കേന്ദ്രീകരിക്കും. തദ്ദേശ ഭരണസ്ഥാപങ്ങൾ ചെലവഴിക്കുന്ന പദ്ധതി വിഹിതവും തനതു വരുമാനവും സുസ്ഥിരമായ അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കാൻ ചെലവഴിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കുന്നതിനുള്ള ആസൂത്രണ - നിർവ്വഹണ- വിലയിരുത്തൽ പ്രക്രിയകൾക്ക് രൂപം നൽകും.

### 1.5. ജലസുരക്ഷയും സമഗ്ര ശുചിത്വ മാനേജ്മെന്റും മാലിന്യസംസ്കരണവും

എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും അധികാരപരിധിയിൽ സുരക്ഷിത, കുടിവെള്ളം സാർവത്രികമായി ലഭ്യമാക്കുക എന്നത് ഒരു വിട്ടുവീഴ്ചയുമില്ലാത്ത മുൻഗണനയാണ്. കേരളത്തിലെ നിലനിൽക്കുന്ന കുടിവെള്ള പ്രശ്നം ഫലപ്രദമായി പരിഹരിക്കുന്നതിനും സുരക്ഷിതമായ കുടിവെള്ളം ഉറപ്പുവരുത്തുന്നതിനും എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും വാർഷിക പദ്ധതിയിൽ പദ്ധതി നിർബന്ധമായും ഉൾപ്പെടുത്തുകയും മതിയായ ധനസഹായം വകയിരുത്തുന്നുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് ഉറപ്പാക്കും. ജല ഉറവിട സംരക്ഷണം, പരമ്പരാഗത ജലാശയങ്ങളുടെ പുനരുജ്ജീവനം, കാര്യക്ഷമമായ വിതരണ ശൃംഖലകൾ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ച്, അടിസ്ഥാന തലത്തിൽ ജലസുരക്ഷാ സംരംഭങ്ങളുടെ സംയോജനത്തിനു ഊന്നൽ നല്കുന്നതാണ്. അതേസമയം, സമഗ്രമായ ശുചിത്വ പരിരക്ഷ ഉറപ്പാക്കുന്നതിനായി, ഇനി ഖരമാലിന്യസംസ്കരണത്തോടൊപ്പം വികേന്ദ്രീകൃത മലിനജല, സെപ്റ്റേജ് മാനേജ്മെന്റ് സംവിധാനങ്ങൾ വർദ്ധിപ്പിക്കുന്നതിലാണ് വകുപ്പ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ഇതിലൂടെ ജലസ്രോതസ്സുകളുടെ പുനരുപയോഗവും പ്രോത്സാഹിപ്പിക്കുകയും പരിസ്ഥിതി മലിനീകരണം കുറയ്ക്കുകയും പൊതുജനാരോഗ്യം ഉറപ്പാക്കുകയും ചെയ്യുന്നു.

### 1.6.ദുരന്ത പ്രതിരോധവും പരിപാലനവും - കാലാവസ്ഥാ പ്രതിരോധശേഷിയും പരിസ്ഥിതി സുരക്ഷയും കെട്ടിപ്പടുക്കുക

ദുരന്ത നിവാരണ കാലാവസ്ഥാ പ്രതിരോധ പ്രവർത്തനങ്ങളുടെ മുൻനിര ചാലകങ്ങളായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സ്ഥാപിക്കുന്നതിനും, പരിസ്ഥിതി സുരക്ഷ ഉറപ്പാക്കുന്നതിനും, പ്രകൃതി ദുരന്തങ്ങൾക്കെതിരെ മുൻകൈയെടുത്ത് സാമൂഹ്യ അതിജീവന/പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിനും തന്ത്രപരമായ അനിവാര്യത ഇക്കാലയളവിൽ ലക്ഷ്യമിടുന്നു.

### 1.7.ആസൂത്രിത നഗരവത്കരണം, നഗരവികസനം, നഗരനയം

കേരളത്തിൽ നഗരവൽക്കരണം നടക്കുന്നത് അതിവേഗത്തിലാണ് . ഗ്രാമമെന്നോ നഗരമെന്നോ കേരളത്തിലെ ഏതെങ്കിലും ഒരുപ്രദേശത്തെ പ്രത്യേകമായി തിരിച്ചറിയാൻ പ്രയാസമാകുന്ന തരത്തിലുള്ള വികസന പ്രവർത്തനങ്ങൾ ആണ് കഴിഞ്ഞ ഒരു ദശകം കേരളം കണ്ടത് . അതോടൊപ്പം നഗരവൽക്കരണം കൊണ്ടുണ്ടാകുന്ന പ്രശ്നങ്ങളേയും അഭിമുഖീകരിക്കേണ്ടതുണ്ട്. നിലവിലുള്ള നഗരങ്ങളെയും നഗരവൽക്കരിക്കപ്പെടുന്ന ഇടങ്ങളെയും മുൻനിർത്തി പുതിയ നഗരനയം രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. അടുത്ത പതിറ്റാണ്ടിനുള്ളിൽ നഗരവൽക്കരണം കേരളത്തിൽ സമ്പൂർണമാകും എന്ന നിഗമനത്തിൽ തന്നെ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിന് അനുസൃതമായ നയം കൊണ്ട് വരും . മാത്രമല്ല നഗരവികസനത്തിന് ഉതകുന്ന കൂടുതൽ ബൃഹത്തായ പദ്ധതികൾ ഏറ്റെടുക്കുന്നതിനു വകുപ്പിന്റെ കാര്യശേഷിയും വർധിപ്പിക്കും.

### 1.8. നിയമ/ചട്ട ഭേദഗതികളും നയരൂപീകരണവും

നിയമങ്ങളും ചട്ടങ്ങളും രൂപീകരിക്കുന്നത് സുതാര്യത ഉറപ്പാക്കുന്നതിനും വിവിധ തദ്ദേശസ്ഥാപനങ്ങളിൽ നടക്കുന്ന പ്രവർത്തനങ്ങൾക്ക് നിയതരൂപം കൊണ്ട് വരുന്നതിനും ഉദ്ദേശിച്ചുള്ളതാണെങ്കിലും അത്തരത്തിൽ നിയമങ്ങളും ചട്ടങ്ങളും രൂപീകരിക്കുന്നത് ആത്യന്തികമായി ജനങ്ങൾക്ക് ഉപകാരപ്പെടുന്ന

താരത്തിലുള്ളതാകണമെന്നാണ് സർക്കാർ കാഴ്ചപ്പാട്. തദ്ദേശ സ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട് അടുത്ത 5 വർഷകാലത്തിനുള്ളിൽ Ease of living ലക്ഷ്യമിട്ടുകൊണ്ടുള്ള ഭേദഗതികൾ നിയമങ്ങളിൽ വരുത്തുന്നതിന് വകുപ്പ് ലക്ഷ്യമിടുന്നു. ഒപ്പം തന്നെ പ്രസക്തമായ മേഖലകളിൽ (ഉദാ:നഗരനയം, മാലിന്യസംസ്കരണം) നയരൂപീകരണം കൂടി വകുപ്പ് ലക്ഷ്യമിടുന്നു.

# PART 2: ഓരോ മേഖലയുടെയും ഏജൻസിയുടെയും പ്രത്യേകലക്ഷ്യങ്ങൾ

## 2.1.വികേന്ദ്രീകൃതാസൂത്രണം-പൌരകേന്ദ്രീകൃതമാക്കി പരിവർത്തനപ്പെടുത്തൽ

പൗരന്മാർക്ക് അവരുടെ വാർഡുകൾക്കായുള്ള സൂക്ഷ്മ വികസന നിർദ്ദേശങ്ങൾ സമർപ്പിക്കാനും, അംഗീകൃത പദ്ധതികളുടെ അവസ്ഥ, ചെലവ്, ഭൗതിക പുരോഗതി എന്നിവ ട്രാക്ക് ചെയ്യാനും അനുവദിക്കുന്നതും സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പാക്കുന്നതുമായ ജനകീയാസൂത്രണ മോഡലിന് രൂപം നല്കും.

കൂടാതെ, നിർണായക സംസ്ഥാനതല മാൻഡേറ്റുകൾക്കൊപ്പം പ്രാദേശിക പദ്ധതികളുടെ തന്ത്രപരമായ വിന്യാസവും വകുപ്പ് ഔപചാരികമാക്കും. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും വാർഷിക പദ്ധതികളിൽ സമഗ്രമായ സാമൂഹിക, അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ വ്യവസ്ഥാപിതമായി ഉൾപ്പെടുത്തേണ്ടത് നിർബന്ധമാക്കുന്നതാണ്. തദ്ദേശസ്വയംഭരണ തലത്തിൽ പ്രത്യേക ആസൂത്രണ സമിതികളുടെ രൂപീകരണം കാര്യക്ഷമമായ പദ്ധതി വികസന പ്രക്രിയ, സംസ്ഥാനത്തിന്റെ മുൻഗണനാ ദർശനങ്ങളെ നേരിട്ട് അഭിസംബോധന ചെയ്യുന്നതരത്തിൽ ശക്തവും സംയോജിതവുമായ ആസൂത്രണ ഫലങ്ങൾ ഉറപ്പാക്കുന്നതിന് ആവശ്യമായ ഘടന നൽകുന്നതാണ്. പദ്ധതി നടത്തിപ്പിന്റെയും അവലോകനത്തിന്റേയും ഡിജിറ്റൽവത്കരണം പൂർത്തിയാക്കുന്നതിലൂടെ പദ്ധതികളുടെ ഗുണപരമായ നിർവഹണം വിലയിരുത്തുന്നതിന് പൌരന്മാരെ പ്രാപ്തമാക്കും. ഗ്രാമസഭ യോഗങ്ങളിലെ പങ്കാളിത്തവും അസൂത്രണത്തിലെ ജനകീയ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും ഓൺലൈൻ ആയി ഗ്രാമസഭ നടത്തുന്നത് നിയമപരമാക്കുന്നതിനുമുതകുന്ന നിയമ/ചട്ട ഭേദഗതികൾ കൊണ്ട് വന്നുകൊണ്ട് ജനസൗഹൃദപരമാക്കും.

വൈജ്ഞാനിക സമൂഹമെന്ന സങ്കല്പം സാക്ഷാത്കരിക്കുന്നതിന് "വിജ്ഞാനാധിഷ്ഠിത തദ്ദേശഭരണം, വിജ്ഞാനാധാഷ്ഠിത വികസനം" എന്ന ആശയം പ്രാവർത്തികമാക്കും. ഇതിനായി നൂതനാശയങ്ങൾ ആവിഷ്കരിക്കുന്നതിനും വികസിപ്പിക്കുന്നതിനും അവ വികസന പദ്ധതികളിൽ സന്നിവേശിപ്പിക്കുന്നതിനുമുള്ള സംവിധാനങ്ങൾ നടപ്പാക്കും.

ഹാപ്പിനസ് ഇൻഡക്സ് നിശ്ചയിച്ച് ഒരു പ്രദേശത്തെ ജനങ്ങളുടെ ആകെ ജീവിത ഗുണമേന്മയും സന്തുഷ്ടിയും അളക്കുകയും സാമ്പത്തിക വളർച്ചയോടൊപ്പം, ആരോഗ്യപരമായ, സാമൂഹികമായ, പരിസ്ഥിതി സൗഹൃദമായ ജീവിതാന്തരീക്ഷവും ഉറപ്പുവരുത്തുന്ന തരത്തിൽ ഇതൊരു പ്രധാന അളവുകോലായി നിശ്ചയിക്കുകയും ചെയ്യും.

## 2.2. സുസ്ഥിര ദാരിദ്ര്യനിർമാർജനം

നമ്മുടെ സംസ്ഥാനത്തെ അതിദാരിദ്ര്യരഹിത പദവി കൈവരിക്കുന്നതിലേക്ക് നയിക്കുന്നതുൾപ്പെടെ, അതിദാരിദ്ര്യ നിർമാർജന പദ്ധതി നടപ്പിലാക്കുന്നതിൽ കേരളം നേടിയ വിജയം അടുത്ത ഘട്ടപ്രവർത്തനങ്ങൾക്ക് ഒരു മാതൃകയാണ്. വിഷൻ 2031 സുസ്ഥിര ദാരിദ്ര്യ നിർമ്മാർജ്ജനമാണ് ലക്ഷ്യമിടുന്നത്. 2025ൽ സഫലീകരിച്ച അതിദാരിദ്ര്യ രഹിത പദവി നിലനിർത്തുന്നതാണ് പ്രധാന ആവശ്യം. ദുർബല കുടുംബങ്ങളെ മുന്നേ തന്നെ തിരിച്ചറിയുന്നതിനും വീണ്ടും ദാരിദ്ര്യത്തിലേക്ക് വീണു പോകുന്നത് തടയുന്നതിനുമായി സ്ഥിരവും പ്രാദേശികവുമായ നിരീക്ഷണവും പിന്തുണാ സംവിധാനങ്ങളും സ്ഥാപനവൽക്കരിച്ചുകൊണ്ട് താൽക്കാലിക ആശ്വാസത്തിനപ്പുറം സ്ഥിര പരിഹാരത്തിലേക്ക് നീങ്ങേണ്ടതുണ്ട്. സമഗ്രവും സാങ്കേതികവിദ്യാധിഷ്ഠിതവുമായ പിന്തുണ നൽകുന്നതിനായി ഡെസ്റ്റിറ്റ്യൂട്ട് ഫ്രീ കേരള (അഗതിരഹിതകേരളം) പദ്ധതി തദ്ദേശസ്ഥാപന ചട്ടക്കൂടിലേക്ക് പൂർണ്ണമായും സംയോജിപ്പിക്കുന്നതാണ്. ലൈഫ് മിഷൻ പോലുള്ള പദ്ധതികളിലൂടെ ഭവന നിർമ്മാണം ഉറപ്പാക്കുക, ഉപജീവന സഹായം നൽകുക, ഭക്ഷ്യസുരക്ഷ ഉറപ്പാക്കുക, അനുയോജ്യമായ സാമൂഹിക സുരക്ഷാ പാക്കേജുകൾ നൽകുക, വിവിധ വകുപ്പുകളുടെയും സേവനങ്ങളുടെയും സംയോജനത്തിലൂടെ പരമാവധി സാധ്യമായ പിന്തുണ നൽകുക എന്നിവയുൾപ്പെടെ ബഹുമുഖമായ ഇടപെടലുകൾ ഇതിൽ നടത്തുന്നതാണ്.

## 2.3. പ്രാഥമിക ആരോഗ്യ പരിരക്ഷയും സാർവത്രികമായ ആരോഗ്യസേവനങ്ങളും

കേരളത്തിന്റെ പൊതുജനാരോഗ്യ നിലവാരം നിലനിർത്തുന്നതിലും മുന്നോട്ട് കൊണ്ടുപോകുന്നതിലും തദ്ദേശസ്വയംഭരണ വകുപ്പ് കേന്ദ്ര ബിന്ദുവായി പ്രവർത്തിക്കുന്നു. 1,142-ലധികം പ്രാഥമിക പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ പ്രവർത്തന വിജയത്തെ അടിസ്ഥാനമാക്കി, സമഗ്ര കേരള പാലിയേറ്റീവ് കെയർ ഗ്രിഡിന് കീഴിലുള്ള എല്ലാ പ്രാഥമിക പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെയും, ഹോം-കെയർ സേവനങ്ങളുടെയും, സന്നദ്ധ സംഘടനകളുടെയും സംയോജനം വകുപ്പ് പൂർത്തിയാക്കും. മുതിർന്ന പൗരന്മാരുടെ എണ്ണം വർദ്ധിക്കുന്ന തരത്തിലുള്ള സംസ്ഥാനത്തിന്റെ ജനസംഖ്യാപരമായ മാറ്റത്തിന്റെ പ്രത്യേക ആവശ്യങ്ങൾ പരിഹരിക്കുന്നതിനും, കമ്മ്യൂണിറ്റി തലത്തിൽ തത്സമയ, പാലിയേറ്റീവ് പരിചരണം എളുപ്പത്തിൽ ലഭ്യമാകുന്നുവെന്ന് ഉറപ്പാക്കുന്നതിനും ഈ സംരംഭം നിർണായകമാകും. കൂടാതെ, ആരോഗ്യ സംരക്ഷണ അടിസ്ഥാന സൗകര്യങ്ങൾ നവീകരിക്കുന്നതിൽ ആർദ്രം മിഷന്റെ നേട്ടങ്ങൾ പ്രയോജനപ്പെടുത്തി, എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും നൂതന കുടുംബാരോഗ്യ കേന്ദ്രങ്ങളായി പൂർണ്ണമായും പ്രവർത്തിക്കുന്നുണ്ടെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കുന്നതാണ്. സാംക്രമികേതര, ജീവിതശൈലി രോഗങ്ങൾക്കായി സമഗ്രമായ സ്ക്രീനിംഗ്/വെൽനസ് ക്ലിനിക്കുകൾ സ്ഥാപിക്കുന്നതിൽ എഫ്.എച്ച്.സി.-കൾ പ്രത്യേകം ശ്രദ്ധ കേന്ദ്രീകരിക്കുന്നതാണ്. അതുവഴി ആരോഗ്യ മാതൃകയെ പ്രധാനമായും രോഗശമനത്തിലും പ്രതിരോധത്തിലുമൂന്നിയ, സമഗ്രമായ സമീപനത്തിലേക്ക് മാറ്റുന്നതാണ്.

## 2.4. വിദ്യാഭ്യാസം -അടിസ്ഥാന സൌകര്യവികസനം

പൊതു സ്ഥാപനങ്ങളുടെ വിജയകരമായ പുനരുജ്ജീവനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പങ്ക് വളരെ വലുതായിരുന്നു. സുരക്ഷിതമല്ലാത്ത കെട്ടിടങ്ങൾ, അപര്യാപ്തമായ ശുചിത്വ സൗകര്യങ്ങൾ, പരിമിതമായ ഡിജിറ്റൽ സംവിധാനങ്ങൾ, ശരിയായ പരിപാലനമില്ലായ്മ തുടങ്ങിയ വെല്ലുവിളികൾ പല

സ്കൂളുകളിലും ഇപ്പോഴും നിലനിൽക്കുന്നുണ്ട്. സുരക്ഷാ ഓഡിറ്റുകൾ, അറ്റകുറ്റപ്പണികൾക്കും പുനർനിർമ്മാണത്തിനുമുള്ള മുൻഗണനാക്രമം, ചിട്ടയായുള്ള പരിപാലന ആസൂത്രണം ,സ്കൂൾ അടിസ്ഥാന സൗകര്യങ്ങൾക്കായി ഒരു ഡിജിറ്റൽ അസറ്റ് രജിസ്റ്റർ, എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഒരു വ്യവസ്ഥാപിതമായ സമീപനം സ്വീകരിക്കുന്നതിന് തദ്ദേശസ്ഥാപനങ്ങളെ പ്രാപ്തമാക്കും. കാലാവസ്ഥാ വ്യതിയാനങ്ങളെ അതിജീവിക്കാൻ കഴിയുന്ന സവിശേഷതകളോട്ട കൂടിയ നിലവാരമുള്ള രൂപകൽപ്പനകൾ (Standard Designs) സ്വീകരിക്കുകയും , സാങ്കേതിക വൈദഗ്ധ്യം, സാമൂഹിക ഇടപെടൽ, ഡാറ്റാ അധിഷ്ഠിത ആസൂത്രണം എന്നിവ സംയോജിപ്പിച്ചുകൊണ്ട്, എല്ലാ കുട്ടികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ലഭിക്കുന്നതിനായി, സ്കൂൾ അടിസ്ഥാന സൗകര്യങ്ങളെ സുരക്ഷിതവും ആധുനികവും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ ഇടങ്ങളാക്കി മാറ്റാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് സാധിക്കും.

## 2.5. സാമൂഹ്യക്ഷേമം

സാർവത്രിക സാമൂഹ്യ സുരക്ഷാ കവറേജ് ഉറപ്പാക്കുക, ക്ഷേമ പെൻഷനുകൾ കൃത്യ സമയത്ത് വിതരണം ചെയ്യുക, ഒപ്പം വയോജനങ്ങൾ, ഭിന്നശേഷിക്കാർ, സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനായി സാമൂഹ്യാധിഷ്ഠിത പരിചരണ സേവനങ്ങൾ വിപുലീകരിക്കുക എന്നിവയിൽ ഊന്നൽ നൽകും. സംസ്ഥാന-കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏകോപിപ്പിച്ച്, ആവർത്തനങ്ങൾ ഒഴിവാക്കി, അർഹരായവരിലേക്ക് ആനുകൂല്യങ്ങൾ എത്തുന്നുണ്ടെന്ന് ഉറപ്പാക്കി, സമഗ്രമായ സാമൂഹ്യക്ഷേമ ആസൂത്രണം LSGIs പ്രോത്സാഹിപ്പിക്കും. കുടുംബശ്രീ പോലുള്ള സംവിധാനങ്ങളുമായും സന്നദ്ധ സംഘടനകളുമായും സഹകരിച്ച് ഡേ-കെയർ സെന്ററുകൾ, ഭിന്നശേഷി പുനരധിവാസ യൂണിറ്റുകൾ, ജെൻഡർ റിസോഴ്സ് സെന്ററുകൾ തുടങ്ങിയ സാമൂഹ്യാധിഷ്ഠിത സംരംഭങ്ങൾക്ക് ശക്തി പകരും. സമഗ്രത, സുതാര്യത, നൂതനാശയം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട്, കേരളത്തിലെ തദ്ദേശസ്ഥാപനങ്ങൾ വരുന്ന അഞ്ച് വർഷത്തിനുള്ളിൽ, ഓരോ പൗരനും മാന്യത, സുരക്ഷിതത്വം, സാമൂഹ്യ നീതി എന്നിവ ഉറപ്പാക്കുന്ന ഒരു ശക്തമായ സാമൂഹ്യക്ഷേമ സംവിധാനം (Robust Social Welfare Ecosystem) സൃഷ്ടിക്കാൻ പ്രവർത്തിക്കും. പ്രായം കുറഞ്ഞ പൗരന്മാർ ഈ രംഗത്ത് നൽകുന്ന സേവനം രേഖപ്പെടുത്തുന്നതിനും ആ സേവനം നൽകുന്നവർക്ക് പിന്നീട് തദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്ന് അവർ ചെലവഴിച്ച സമയത്തിന് സമാനമായ പരിചരണം തിരികെ ലഭിക്കുന്നതിനുമുള്ള ടൈം ബാങ്ക് സംവിധാനത്തിന് രൂപം നൽകും.

## 2.6. നഗരാസൂത്രണം, നഗരനയം, നഗരവികസനം

### എ .നഗരനയം

കേരളം സംസ്ഥാനത്തിന്റെ സമഗ്ര നഗരവികസനത്തിനായി ആദ്യമായി ഒരു **നഗരനയം (Urban Policy)** രൂപീകരിക്കുന്നതിനുള്ള പ്രക്രിയ ആരംഭിച്ചിട്ടുണ്ട്. അതിവേഗ നഗരവൽക്കരണവും ജീവിതരീതികളിലെ മാറ്റങ്ങളും നേരിടുന്ന സാഹചര്യത്തിൽ, നഗരങ്ങളുടെ വളർച്ച കൂടുതൽ **ക്രമബദ്ധവും, ഉൾക്കൊള്ളുന്നതും, പരിസ്ഥിതി സൗഹൃദവുമായ** രീതിയിൽ മുന്നോട്ട് കൊണ്ടുപോകുക എന്നതാണ് ഈ നയത്തിന്റെ ലക്ഷ്യം. അർബൻപോളിസി കമ്മീഷൻ, അർബൻ കോൺക്ലേവ്, വകുപ്പിനകത്തും പുറത്തുമുള്ള അനുഭവപരിജ്ഞാനം എന്നിവയെ അടിസ്ഥാനമാക്കി തയ്യാറാക്കുന്ന നയത്തിന്റെ Short term, medium term, long term ലക്ഷ്യങ്ങളിലൂന്നിയുള്ള പ്രവർത്തനങ്ങളും ഈ അഞ്ചുവർഷങ്ങളിൽ ഏറ്റെടുക്കും.

**ബി.സംയോജിത നഗര-ഗ്രാമ ആസൂത്രണം**

സംയോജിത ദീർഘകാല ഭൂവിനിയോഗ ആസൂത്രണത്തിലേക്കുള്ള മാറ്റം കേരളത്തിന് വളരെ അനിവാര്യമാണ്; പ്രത്യേകിച്ചും നമ്മുടെ rural-urban continuum, അതിവേഗമുള്ള നഗരവൽക്കരണം എന്നിവ കണക്കിലെടുക്കുമ്പോൾ.

തദ്ദേശസ്ഥാപനങ്ങളുടെ അധികാരപരിധിയിലെ എല്ലാ ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റും, നിർമ്മാണ പ്രവർത്തനങ്ങൾക്കും, ഭൂവിനിയോഗ മാറ്റങ്ങൾക്കും ഈ അസൂത്രണപ്രക്രിയയും മാസ്റ്റർപ്ലനുകളും നിർബന്ധിത നിയമപര ബ്ലൂപ്രിന്റായി വർത്തിക്കും, ഇത് സംസ്ഥാനത്തുടനീളമുള്ള യുക്തിസഹവും കാര്യക്ഷമവുമായ ഭൂമി വികസനം, ഫണ്ട് വിനിയോഗം എന്നിവ ഉറപ്പാക്കും.

**സി. നഗരാസൂത്രണവും മാസ്റ്റർപ്ലാനുകളും**

അടുത്ത ആറ വർഷത്തേക്ക് വകുപ്പ് സുസ്ഥിരവും കാലാവസ്ഥാ പ്രതിരോധ ശേഷിയുള്ള നഗര-ഗ്രാമവികസനം ലക്ഷ്യമാക്കുന്നു. ഇതിനായി കേരള നഗര ഗ്രാമാസൂത്രണ ആക്ട് പ്രകാരമുള്ള വിവിധ തലങ്ങളിലുള്ള പ്ലാനുകൾ തയ്യാറാക്കുന്നതാണ്.

- സംസ്ഥാനത്ത് നിലവിലുള്ള എല്ലാ നഗരപ്രദേശങ്ങൾക്കും നഗരസ്വഭാവമുള്ള ഗ്രാമപഞ്ചായത്തുകൾക്കും മുൻഗണനാക്രമത്തിൽ മാസ്റ്റർപ്ലാനുകൾ തയ്യാറാക്കുന്നതാണ്. ഇത്തരത്തിൽ പ്ലാനുകൾ തയ്യാറാക്കുമ്പോൾ, ദുരന്തപ്രതിരോധശേഷിക്കായുള്ള നിർദേശങ്ങൾ, പ്രകൃതിസംരക്ഷണം, സുസ്ഥിര വികസന ലക്ഷ്യങ്ങൾ, Ease of Doing Business ആശയവുമായി ബന്ധപ്പെടുത്തിയുള്ള നിർദേശങ്ങൾ, പരമാവധി സ്ഥലങ്ങളിൽ ട്രാൻസിറ്റ് ഒറിയന്റ് വികസനം, കാർബൺ ഫൂട്ട്പ്രിന്റ് കുറയ്ക്കുന്ന Green Infrastructure (Urban Forests, Blue-Green Corridors) എന്നിവക്കുള്ള നിർദേശങ്ങൾ എന്നിവ ഉൾപ്പെടുത്താൻ പ്രത്യേകം ശ്രദ്ധിക്കുന്നതാണ്.
- പ്ലാനുകൾ തയ്യാറാക്കുന്നതിൽ നൂതനസാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തും. നിലവിലുള്ള നഗര പ്രദേശങ്ങളുടെ മാസ്റ്റർപ്ലാനുകൾ പൂർണ്ണമായി ഡിജിറ്റൈസ് ചെയ്ത് Web GIS മുഖേന പൊതുജനങ്ങൾക്ക് ലഭ്യമാക്കും.
- ഭൂമി ലഭ്യമാക്കുന്നതിനുള്ള നൂതന സാങ്കേതിക വിദ്യകളായ land pooling, accommodation reservation എന്നിവ ഉൾപ്പെടുത്തിയ കൂടുതൽ പദ്ധതികൾ ആവിഷ്കരിക്കും.
- സാമ്പത്തിക വികസനത്തിന്റെ സിരാകേന്ദ്രങ്ങളെന്ന നിലയിൽ നഗരങ്ങളിൽ സംരംഭകത്വവും സാമ്പത്തിക വ്യവഹാരങ്ങളും സ്വതന്ത്രമായി വളരുന്നതിനുള്ള പരിതോവസ്ഥ സൃഷ്ടിക്കും. ഇതിനായി നഗരങ്ങളുടെ സാംസ്കാരിക പശ്ചാത്തലം, വാണിജ്യ സാദ്ധ്യതകൾ, വിഭവങ്ങളുടെ ലഭ്യത, മനുഷ്യവിഭവ ശേഷി, സ്ഥലലഭ്യത, വികസന സാദ്ധ്യത, ഗതാഗത സൗകര്യങ്ങൾ എന്നിങ്ങനെ വിവിധ ഘടകങ്ങൾ കണക്കിലെടുത്തു കൊണ്ടുള്ള സമഗ്ര വികസന പദ്ധതികളുടെ മാസ്റ്റർപ്ലാൻ ജനപങ്കാളിത്തത്തോടെ തയ്യാറാക്കും. ഈ മാസ്റ്റർ പ്ലാനുകൾക്ക് അനുരൂപമായ വാർഷിക പദ്ധതികൾ നടപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകും.
- എല്ലാ മൂലധന പ്രവൃത്തികളും അംഗീകൃത മാസ്റ്റർ പ്ലാനുകളിൽ പറഞ്ഞിരിക്കുന്ന ദീർഘകാല ലക്ഷ്യങ്ങളുമായി പൊരുത്തപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കുകയും അതുവഴി അപൂർണ്ണ വികസനവും അടിസ്ഥാന സൗകര്യ മേഖലയിൽ ഉരുത്തിരിയുന്ന ഭാവി സംഘർഷങ്ങളും ഒഴിവാക്കുകയും ചെയ്യുന്നതാണ്.

- നഗരഭരണത്തെ ജനങ്ങളോട് കൂടുതൽ അടുപ്പിക്കുന്നതിനു വേണ്ടി നൂതനസാങ്കേതികവിദ്യ, വിദ്യാഭ്യാസസ്ഥാപനങ്ങളുമായി യോജിച്ചുള്ള പ്രവർത്തനങ്ങൾ എന്നിവ ഏറ്റെടുക്കും.
- നഗരങ്ങളുടെ അനുബന്ധപ്രദേശങ്ങളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സ്ഥലപരാസൂത്രണത്തിനുള്ള പ്രത്യേക യത്നത്തിനു രൂപം നൽകും. നഗരവൽക്കരണം ഭാവിയിൽ വ്യാപിപ്പിക്കാൻ സാദ്ധ്യതയുള്ള പ്രദേശങ്ങളിലെ ഡ്രെയിനേജ്, ഗതാഗതം, പാർപ്പിട സൗകര്യം, ഭൂവിനിയോഗം എന്നിവ സംബന്ധിച്ച് കൃത്യമായ പദ്ധതി തയ്യാറാക്കും. ഇത്തരത്തിൽ ഗ്രാമപഞ്ചായത്തുകളും നഗരതദ്ദേശഭരണസ്ഥാപനങ്ങളും ചേർന്ന് സംയോജിത പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള നിയമപരവും സാങ്കേതികവുമായ ചട്ടക്കൂടിനു രൂപം നൽകും.
- എല്ലാ പൊതു ഇടങ്ങളും ഭിന്നശേഷി സൗഹൃദവും ശിശു സൗഹൃദവും വയോജന സൗഹൃദവും ഉൾപ്പെടെയുള്ള ഘടകങ്ങൾ ഉൾച്ചേർത്ത് പൊതുജന സൗഹൃദപരമാക്കി മാറ്റും.

**ഡി. മനുഷ്യവിഭവ പരിപാലനം**

നഗരാസൂത്രണത്തിലുണ്ടാകുന്ന വെല്ലുവിളികൾ തരണം ചെയ്യുന്നതിന് ഉദ്യോഗസ്ഥർക്ക് നൈപുണ്യ വികസനത്തിന് പ്രത്യേക പരിശീലനപരിപാടികൾ ആസൂത്രണം ചെയ്യുന്നതാണ്. വിവിധ വിഷയങ്ങളിൽ വൈദഗ്ധ്യം നേടിയിട്ടുള്ള പ്രൊഫഷണലുകളുടെ സേവനം പ്രയോജനപ്പെടുത്തുന്നതാണ്. നഗരമേഖലയ്ക്ക് ആവശ്യമായ പ്രോജക്ടുകൾ സൂക്ഷ്മതയോടെ തയ്യാറാക്കുന്നതിന് ആവശ്യമായ വിദഗ്ധരുടെ സെൽ രൂപപ്പെടുത്തും.

**ഇ.വികസന അതോറിറ്റികൾ**

എല്ലാ അതോറിറ്റികളും നിർവഹണ എജെൻസികൾ എന്നാ റോളിൽ നിന്ന് മാറി നഗരപ്രദേശത്തിന്റെ പ്രത്യേക ആവശ്യങ്ങൾ പരിഗണിച്ച പ്ലാൻ ചെയ്യുന്ന വൈദഗ്ധ്യമുള്ള എജെൻസികലായി മാറ്റുന്നതിലെക്ക് ശാക്തീകരിക്കും. വികസന പദ്ധതികൾക്ക് ആവശ്യമായ ഭൂമി ലഭ്യമാക്കാൻ സർക്കാർ നടപ്പാക്കുന്ന ലാൻഡ് പൂളിംഗ് പ്രവർത്തനം അതോറിറ്റികൾ വഴി കൂടുതൽ കാര്യക്ഷമമാക്കും.

ഈ വികസനപ്രദേശങ്ങളുടെ പ്രത്യേകാവശ്യങ്ങൾ കൂടി കണക്കിലെടുത്ത് പ്രത്യേക പരിപാലന പദ്ധതി (Management Plan) ആവിഷ്കരിക്കും.

**2.7.സ്മാർട്ട് സിറ്റി– കൊച്ചി, തിരുവനന്തപുരം**

- പൂർത്തിയാക്കാനുള്ള പദ്ധതികൾ ത്വരിതഗതിയിൽ പൂർത്തിയാക്കുക, പൂർത്തിയായ പദ്ധതികൾ അതാത് വകുപ്പ്/സമിതികളിലേക്കോ കൈമാറുകയോ, അല്ലെങ്കിൽ ഓപ്പറേഷൻസ് & മൈന്റെനൻസ് (O&M) SPV തുടർന്നും ചെയ്തു പോകുക എന്നിവയ്ക്ക് ഊന്നൽ നൽകും.
- തിരുവനന്തപുരത്ത് CITIIS 2.0 നടപ്പാക്കിക്കൊണ്ട് മാലിന്യസംസ്കരണം, കാലാവസ്ഥാ പ്രതിരോധം എന്നിവയിൽ കൂടുതൽ മാതൃകകൾ സൃഷ്ടിക്കും.

## 2.8. ഇ- ഗവേർണൻസ്

**എ.പൂർണ്ണമായ ഡാറ്റാ സംയോജനവും K-SMART വഴി സേവനങ്ങൾ നിരന്തരമായ മെച്ചപ്പെടുത്തലും**

പഴയ ILGMS പോലുള്ള സംവിധാനങ്ങളിൽ നിന്നും മറ്റ് ലെഗസി സോഫ്റ്റ്വെയറുകളിൽ നിന്നുമുള്ള എല്ലാ ഡാറ്റകളും പിഴവുകളില്ലാതെ K-SMART-ലേക്ക് മാറ്റുകയും പൂർണമായും പൌരാധിഷ്ഠിതമായി എല്ലാ സേവനങ്ങളും K-SMART വഴി പ്രദാനം ചെയ്യുകയും ചെയ്യും. സാങ്കേതിക വിദ്യയുടെ സഹായം വഴി ജിഐഎസ് അധിഷ്ഠിത സംവിധാനങ്ങൾ ഉപയോഗിച്ച ശാസ്ത്രീയമായും കുറ്റമറ്റതായും നികുതി നിർണയം നടത്തിക്കൊണ്ടും

ശാസ്ത്രീയമായ നികുതി സമാഹരണം വഴിയും അധിക നികുതിഭാരം അടിച്ചേൽപ്പിക്കാതെ തദ്ദേശസ്ഥാപനങ്ങളുടെ വരുമാനം മെച്ചപ്പെടുത്തും. ഒപ്പം ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ്, സേവനങ്ങൾ പ്രദാനം ചെയ്യൽ എന്നിവ കൂടുതൽ സുഗമമാക്കുന്നതിനുള്ള മാറ്റങ്ങൾ നിരന്തരമായി K-SMART-ൽ കൊണ്ടുവരും.

- *പ്രധാന സേവനങ്ങളുടെ ഡിജിറ്റലൈസേഷൻ:*
    - കെട്ടിട നിർമ്മാണാനുമതിക്ക് പ്രോസസ്സ് പൂർണ്ണമായും ഓട്ടോമേറ്റ് ചെയ്യുകയും GIS-നെ അടിസ്ഥാനമാക്കിയുള്ള നിയമപരിശോധന (e-DCR) വഴി അനുമതി വേഗത്തിലാക്കുകയും ചെയ്യും.
    - ആധാർ, ഡിജിലോക്കർ ലിങ്കിംഗ്: ജനന/മരണ സർട്ടിഫിക്കറ്റുകൾ ഉൾപ്പടെയുള്ള ആധികാരിക രേഖകൾ, ക്ഷേമപദ്ധതി അപേക്ഷകൾ എന്നിവ ആധാറുമായും ഡിജിലോക്കറുമായും ബന്ധിപ്പിച്ച് പേപ്പർരഹിതവും തടസ്സമില്ലാത്തതുമായ സേവനം ഉറപ്പാക്കും.
    - ഡിജി ഡോർപിൻ: എല്ലാ സേവനങ്ങൾക്കുമുള്ള യുനിക് ഐ ഡി എന്ന രീതിയിൽ ഡിജിറ ഡോര്പിൻ നടപ്പിലാക്കുന്നത്വഴി സേവനങ്ങൾ കൂടുതൽ വേഗത്തിലാകും
    - ഡിജി കേരളം 2.0 സംരംഭത്തിന്റെ കീഴിലുള്ള ഒരു പ്രധാന ചുവടുവയ്പ്പായി, പൗരന്മാരുടെ സുപ്രധാന രേഖകൾ ഡിജിറ്റലൈസ് ചെയ്യുകയും ഡിജിലോക്കർ സിസ്റ്റവുമായി സുരക്ഷിതമായി ബന്ധിപ്പിക്കുകയും ചെയ്യും

**ബി.പൗരകേന്ദ്രീകൃത സേവന രൂപകൽപ്പനയും ഡിജിറ്റൽ ഉൾപ്പെടുത്തലും (Citizen-Centric Design & Digital Inclusion)**

സാങ്കേതികവിദ്യ എല്ലാവർക്കും തുല്യമായി പ്രയോജനപ്പെടുത്താൻ കഴിയണം എന്ന തത്വത്തിനാണ് ഇവിടെ പ്രാധാന്യം നൽകുന്നത്.

- *പ്രാദേശിക ഭാഷാ പിന്തുണയും മൊബൈൽ സൗഹൃദവും*: ഇ-ഭരണ വെബ്സൈറ്റുകളും ആപ്ലിക്കേഷനുകളും മലയാളത്തിൽ ലഭ്യമാക്കും. ഉപയോഗിക്കാൻ വളരെ എളുപ്പമുള്ള (Ease-of-Use) രീതിയിൽ, പ്രത്യേകിച്ച് മൊബൈലിൽ എളുപ്പത്തിൽ ഉപയോഗിക്കാൻ കഴിയുന്ന രൂപകൽപ്പനയായിരിക്കും.

- *ദുർബല വിഭാഗങ്ങൾക്കായുള്ള ശ്രദ്ധ:* പ്രായമായവർ, ഭിന്നശേഷിക്കാർ, വിദൂര പ്രദേശങ്ങളിലുള്ളവർ എന്നിവർക്ക് എളുപ്പത്തിൽ ഉപയോഗിക്കാവുന്ന ലഭ്യത (Accessibility) മാനദണ്ഡങ്ങൾ പാലിക്കും.
- *എല്ലാ സേവനങ്ങളും പ്രാപിക്കാൻ എല്ലാ വിഭാഗത്തിലുള്ള ജനങ്ങളെയും പ്രാപ്തരാക്കുന്ന രീതിയിലേക്ക് ഡിജികേരളം അടുത്ത ഘട്ടം നടപ്പിലാക്കും.*

**സി. നൂതന സാങ്കേതികവിദ്യകളുടെ സംയോജനം (Integration of Emerging Technologies)**

ഭരണനിർവ്വഹണത്തിന്റെ കാര്യക്ഷമതയും ആസൂത്രണത്തിന്റെ കൃത്യതയും മെച്ചപ്പെടുത്താൻ ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗിക്കുക.

- ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI) ടൂളുകൾ: പൊതുജനങ്ങളുടെ ചോദ്യങ്ങൾക്ക് മറുപടി നൽകാനും അപേക്ഷാ സ്റ്റാറ്റസ് അറിയാനും വേണ്ടി ചാറ്റ്ബോട്ടുകൾ പോലുള്ള AI സംവിധാനങ്ങൾ K-SMART-ൽ ഉൾപ്പെടുത്തുക.
- GIS അധിഷ്ഠിത ആസൂത്രണ ടൂളുകൾ: അടിസ്ഥാന സൗകര്യ വികസനം, ഭൂവിനിയോഗം, കെട്ടിട നികുതി നിർണ്ണയം എന്നിവയ്ക്ക് വേണ്ടി ജിയോഗ്രാഫിക് ഇൻഫർമേഷൻ സിസ്റ്റം (GIS) ഉപയോഗിച്ച് ഡാറ്റാധിഷ്ഠിത ആസൂത്രണം നടത്തുക.
- ഇന്റർനെറ്റ് ഓഫ് തിങ്സ് (IoT): മാലിന്യ സംസ്കരണം, തെരുവ് വിളക്കുകളുടെ നിയന്ത്രണം, വെള്ളപ്പൊക്ക നിരീക്ഷണം തുടങ്ങിയ യൂട്ടിലിറ്റി സേവനങ്ങളിൽ ഓട്ടോമേഷനും കാര്യക്ഷമതയ്ക്കുമായി IoT സെൻസറുകളും സംവിധാനങ്ങളും ഉപയോഗിക്കുക.

**ഡി. പങ്കാളിത്തവും സുരക്ഷാ സംവിധാനങ്ങളും (Participation and Security Frameworks)**

സുസ്ഥിരമായ ഡിജിറ്റൽ ഭരണം ഉറപ്പാക്കാൻ സ്ഥാപനപരമായ പിന്തുണയും സുരക്ഷയും അനിവാര്യമാണ്.

- പൗര പങ്കാളിത്ത ടൂളുകൾ:
  - പ്രാദേശിക ആസൂത്രണത്തിനും ബഡ്ജറ്റിംഗിനുമുള്ള ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ.
  - പൗരന്മാരുടെ പ്രതികരണങ്ങൾ (Citizen Feedback) ശേഖരിക്കുന്നതിനുള്ള സംവിധാനങ്ങൾ.
  - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രകടനം പൊതുജനങ്ങൾക്ക് വിലയിരുത്താൻ കഴിയുന്ന പബ്ലിക് പെർഫോമൻസ് ഡാഷ്ബോർഡുകൾ സ്ഥാപിക്കുക.
- സൈബർ സുരക്ഷ: പൗരന്മാരുടെ ഡാറ്റയുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി സൈബർ സുരക്ഷയിൽ ശക്തമായ നിക്ഷേപം നടത്തുകയും കർശനമായ ഡാറ്റാ സ്വകാര്യതാ നിയമങ്ങൾ നടപ്പിലാക്കുകയും ചെയ്യുക.

**2.9.മഹാത്മാ ഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

ഗ്രാമീണ മേഖലയുടെ സമഗ്ര വികസനത്തിന് സഹായകമാകുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും അത് വഴി ഗ്രാമീണ ജനതയുടെ ഉപജീവനം ഉറപ്പ് വരുത്തുകയും ലക്ഷ്യം വയ്ക്കുന്നു. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് ഓരോ വർഷവും കുറഞ്ഞത് പത്ത് കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ ആണ് സ്വീകരിക്കുന്നത്. ഇപ്രകാരം സൃഷ്ടിക്കുന്ന തൊഴിൽ ദിനങ്ങളെ ഫലപ്രദമായി ഉപയോഗപ്പെടുത്തി ഗ്രാമീണ ആസ്തികളുടെ നിർമ്മാണവും ലക്ഷ്യം വയ്ക്കുന്നു. ചുവടെ പറയുന്ന ലക്ഷ്യങ്ങൾ മുൻ നിർത്തിയുള്ള പ്രവർത്തനം ആണ് സംസ്ഥാനത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

a. സുസ്ഥിരമായതും ഗുണമേന്മയുള്ളതുമായ ആസ്തികളുടെ നിർമ്മാണം.

b. അവശത അനുഭവിക്കുന്ന/ ദുർബല വിഭാഗങ്ങളുടെ പ്രാതിനിധ്യം പ്രവൃത്തികളിൽ ഉറപ്പാക്കൽ.

c. സുസ്ഥിര വരുമാനത്തിനുതകുന്ന ജീവനോപാധികൾ സൃഷ്ടിക്കൽ.

d. കുപ്പുകളുമായും മിഷനുകളുമായുള്ള സംയോജസാമൂഹിക- പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് പരിഹാരം കാണൽ

e. ഗ്രാമീണ മേഖലയിൽ പൊതു അടിസ്ഥാന സൌകര്യങ്ങൾ വർദ്ധിപ്പിക്കൽ.

f. ഉത്പാദനവും അതിലൂടെയുള്ള വരുമാന വർദ്ധനവും ലക്ഷ്യമാക്കി -സുസ്ഥിര വികസനം നടപ്പാക്കൽ.

g. വിവിധ വന സാധ്യതകൾ പ്രയോജനപ്പെടുത്തൽ.

മേൽ ലക്ഷ്യം കൈവരിക്കുന്നതിനായി വിവിധ വകുപ്പുകളുടെ ഉൾപ്പെടെ സഹകരണം ഈ വിഷയത്തിൽ ഉറപ്പ് വരുത്തി തൊഴിലുറപ്പ് പദ്ധതികളെ ചുവടെ പറയുന്ന മേഖലകളായി തിരിച്ച് പ്രവൃത്തികൾ മുൻഗണനയോടെ ഏറ്റെടുത്ത് നടപ്പിലാക്കും.

- പ്രകൃതി വിഭവ പരിപാലനവും ജലസംരക്ഷണവും ദുരന്ത ലഘൂകരണവും
- കൃഷിയും കാർഷിക അനുബന്ധ പ്രവർത്തനങ്ങളും
- ഉപജീവനവും ശാക്തീകരണവും,
- ഗ്രാമീണ അടിസ്ഥാന സൌകര്യം
- മാലിന്യ സംസ്കരണം

**മേൽ പ്രവർത്തനങ്ങൾ മുൻ നിർത്തി ചുവടെ പറയുന്ന പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകി നടപ്പിലാക്കും**

**പ്രകൃതി വിഭവ പരിപാലനവും ജലസുരക്ഷയും ദുരന്ത ലഘൂകരണവും:** സംസ്ഥാനത്തെ ജലക്ഷാമം നേരിടുന്ന ബ്ലോക്ക് പഞ്ചായത്തുകളെ (Critical, Semi- Critical Block) സേഫ് ബ്ലോക്ക് പഞ്ചായത്തുകൾ ആക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കും. അതിന്റെ ഭാഗമായി തൊഴിൽ ഉറപ്പ് പദ്ധതിയിൽ ഏറ്റെടുക്കാൻ കഴിയുന്ന പരമാവധി ജല സംരക്ഷണ പ്രവർത്തനങ്ങൾ ഈ മേഖലകളിൽ നടപ്പിലാകും. ജല സംരക്ഷണത്തിന്റെ ഭാഗമായി എല്ലാ സർക്കാർ കെട്ടിടങ്ങളുടെയും മഴവെള്ള recharge സംവിധാനം നടപ്പിലാക്കും. അതോടൊപ്പം തന്നെ ദുരന്ത സാധ്യത കൂടുതൽ ഉള്ള പ്രദേശങ്ങളിൽ ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പിലാക്കും. വനം നശീകരണം ബാധിക്കപ്പെട്ടിട്ടുള്ള വന മേഖലകളുടെ

പുനരുദ്ധാരണം, കടൽ ക്ഷോഭം ബാധിക്കുന്ന തീര പ്രദേശങ്ങളിൽ പ്രതിരോധ നടപടികളുടെ ഭാഗമായുള്ള തീര വനങ്ങൾ എന്നിവ സ്ഥാപിക്കും.

**കൃഷിയും കാർഷിക അനുബന്ധ പ്രവർത്തനങ്ങളും :** തൊഴിലുറപ്പ് പ്രവൃത്തിയുടെ ഭാഗമായി ഒരു ജില്ലയിൽ നടപ്പിലാക്കുന്ന പ്രവൃത്തിയുടെ 60% തുക കൃഷി, കാർഷിക അനുബന്ധ മേഖലയിൽ ആകണം എന്ന് നിയമം അനുശാസിക്കുന്നു. കൃഷി മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി തരിശു ഭൂമി കൃഷി യോഗ്യം ആക്കൽ, അഗ്രോ ഫോറസ്ട്രി പ്രവർത്തനങ്ങൾ നടപ്പിലാക്കും. അതോടൊപ്പം തന്നെ ജല ലഭ്യത ഉറപ്പ് വരുത്തുന്നതിനുള്ള കാർഷിക കുളങ്ങൾ, കിണറുകൾ എന്നിവ കർഷകർക്ക് നിർമിച്ച് നൽകും. കൃഷി വകുപ്പും ആയി സംയോജിച്ച് നടപ്പിലാക്കാൻ കഴിയുന്ന പ്രവർത്തനങ്ങൾക്ക് പ്രത്യേകം ആക്ഷൻ പ്ലാൻ രൂപീകരിക്കും .

**ഉപജീവനവും ശാക്തീകരണവും :** ഗ്രാമീണ മേഖലയിലെ ജനങ്ങളുടെ ഉപജീവനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഉപജീവന ആസ്തികൾ നിർമിച്ച് നൽകും. ഇതിന്റെ ഭാഗമായി കാർഷിക കുളങ്ങൾ, തൊഴുത്തുകൾ, ആട്ടിൻ കൂടുകൾ, കോഴി കൂടുകൾ, പന്നി കൂടുകൾ, അസോള tank കൾ എന്നിവ നിർമിച്ച് നൽകും. കൂടാതെ ഗ്രാമീണ മേഖലയിൽ നിന്നും അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി അവർക്ക് വിദഗ്ധ പരിശീലനം ലഭ്യമാക്കും. ഇതിനായി കുടുംബശ്രീ, RSETI, KILA എന്നീ സ്ഥാപനങ്ങളുടെ സഹകരണം ഉറപ്പ് വരുത്തും. വിദഗ്ധ പരിശീലനം ലഭിക്കുന്നവരെ തൊഴിലുറപ്പ് പദ്ധതിയുടെ തന്നെ വിവിധ പ്രവൃത്തികളിൽ വിദഗ്ധ തൊഴിലാളികൾ ആയി നിയമിക്കും.

പാർശവത്കരിക്കപെട്ട കുടുംബങ്ങളുടെ ഉന്നമനത്തിനായി വ്യക്തിഗത ആസ്തികൾ നൽകുന്നതിൽ ആനുപാതിക പ്രാതിനിധ്യം ഉറപ്പ് വരുത്തും. കൂടാതെ നിലവിൽ നടപ്പിലാക്കി വരുന്ന ട്രൈബൽ പ്ലസ് മോഡൽ പദ്ധതി പട്ടിക ജാതി കുടുംബങ്ങൾക്കും, അതി ദരിദ്ര കുടുംബങ്ങൾക്കും നടപ്പിലാക്കുന്നതിനുള്ള സാധ്യത ബന്ധപെട്ട വകുപ്പുകളും ആയി ചേർന്ന് പരിശോധിച്ച് നടപ്പിലാക്കും.

**ഗ്രാമീണ അടിസ്ഥാന സൌകര്യം:** ഗ്രാമീണ അടിസ്ഥാന സൌകര്യ വികസന പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകും. ഇതിന്റെ ഭാഗമായി ഗ്രാമീണ റോഡുകൾ , ഗ്രാമ ചന്തകൾ, അംഗണവാടികൾ, സ്കൂൾ ചുറ്റമതിൽ, സ്കൂൾ പാചകപ്പുര, കളി സ്ഥലങ്ങൾ എന്നിവയുടെ നിർമ്മാണം ഏറ്റെടുക്കും.

**മാലിന്യ സംസ്കരണം :** സംസ്ഥാന സർക്കാർ നിലവിൽ മുൻതൂക്കം നൽകി നടപ്പിലാക്കുന്ന മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ തൊഴിൽ ഉറപ്പ് പദ്ധതിയുടെ പരമാവധി ഇടപെടൽ ഉറപ്പ് വരുത്തും. ഇതിന്റെ ഭാഗമായി കമ്പോസ്റ്റ് പിറ്റുകൾ സോക് പിറ്റുകൾ, മിനി MCF കൾ,ബയോ ഗ്യാസ് പ്ലാന്റ് കളുടെ നിർമ്മാണം എന്നിവ കൂടുതൽ ആയി ഏറ്റെടുക്കും.

## 2.10.സോഷ്യൽ ഓഡിറ്റ്

കേരളത്തിൽ നടപ്പാക്കിവരുന്ന അധികാര വികേന്ദ്രീകരണം ശക്തിപ്പെടുത്തുന്നതിനും പ്രാദേശിക വികസനത്തിൽ ജനകീയ പങ്കാളിത്തം പൂർണ്ണമായും ഉറപ്പാക്കുന്നതിനും സോഷ്യൽ ഓഡിറ്റ് ശക്തിപ്പെടുത്തേണ്ടതുണ്ട്. ഇതിനായി താഴെപ്പറയുന്ന പ്രവർത്തന പരിപാടികളാണ് ഏറ്റെടുക്കുന്നത്.

1. സോഷ്യൽ ഓഡിറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന എല്ലാ പ്രാദേശിക വികസന പദ്ധതികളുടെയും ഭാഗമാക്കി മാറ്റുന്നതാണ്.

2.വിവിധ വകുപ്പുകൾ നടപ്പാക്കുന്ന എല്ലാ കേന്ദ്രാവിഷ്കൃത പദ്ധതികളിലും സോഷ്യൽ ഓഡിറ്റ് നടപ്പാക്കുന്നതാണ്.

3. സോഷ്യൽ ഓഡിറ്റ് പ്രവർത്തനം മുഴവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രാദേശിക പദ്ധതികളിലേക്ക് വ്യാപിപ്പിക്കുന്നതിൻറെ ഭാഗമായി സോഷ്യൽ ഓഡിറ്റ് സ്റ്റാഫ് സംവിധാനം ശക്തിപ്പെടുത്തുകയും സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ മനുഷ്യവിഭവശേഷി വികസന നയം തയ്യാറാക്കുകയും ചെയ്യുന്നതാണ്.

4.കേരളത്തിലെ അധികാര വികേന്ദ്രീകരണം ശക്തിപ്പെടുത്തുന്നതിനും പ്രാദേശിക ഭരണ സംവിധാനത്തെ ജനാധിപത്യവത്ക്കരിക്കുന്നതിനും സോഷ്യൽ ഓഡിറ്റ് അനുഭവങ്ങൾ പങ്കുവെയ്ക്കുന്നതിനുമായി ദേശീയ ശില്പശാല സംഘടിപ്പിക്കുന്നതാണ്.

## 2.11.പ്രാദേശിക ഉപജീവനമാർഗ്ഗങ്ങളും വിജ്ഞാനസമ്പദ്വ്യവസ്ഥ സംയോജനവും

### എ.പ്രാദേശിക സാമ്പത്തിക വികസനം

തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും ശക്തമായ പ്രാദേശിക സമ്പദ്‌വ്യവസ്ഥകളെ പരിപോഷിപ്പിക്കുന്നതിനും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ യഥാർത്ഥ സംരംഭ കേന്ദ്രങ്ങളായി മാറേണ്ടതുണ്ട്. എല്ലാ പുതിയ സൂക്ഷ്മ, ചെറുകിട സംരംഭങ്ങൾക്കും നിർബന്ധിത സിംഗിൾ-വിൻഡോ ക്ലിയറൻസ് മെക്കാനിസങ്ങൾ തദ്ദേശസ്ഥാപന തലത്തിൽ സ്ഥാപിക്കുക, ഔദ്യോഗിക തടസ്സങ്ങൾ ഗണ്യമായി ലഘൂകരിക്കുക, സംരംഭക സഭ പോലുള്ള സംവിധാനങ്ങളിലൂടെ സ്ഥാപന ക്രമീകരണങ്ങൾ കെട്ടിപ്പടുക്കുക എന്നിവയാണ് ഈ തന്ത്രപരമായ നീക്കത്തിൽ ഉൾപ്പെടുന്നത്.

വാർഡ് അടിസ്ഥാനത്തിൽ തൊഴിലന്വേഷകരെ തിരിച്ചറിയുന്നതിനും രജിസ്റ്റർ ചെയ്യുന്നതിനുമുള്ള മൈക്രോ-ലെവൽ പ്ലാറ്റ്ഫോമായ തൊഴിൽ സഭ സംരംഭം, സംസ്ഥാനത്തെ പ്രഖ്യാപിത പദ്ധതികളായ വിജ്ഞാന കേരളം, വിജ്ഞാന-സാമ്പത്തിക പരിപാടികളുമായി സംയോജിപ്പിച്ച് വിപുലീകരിക്കുന്നത് ഈ ദിശയിൽ നിർണ്ണായകമാണ്. പുതു തലമുറ തൊഴിൽസാധ്യതകൾ, തൊഴിൽ സംസ്കാരം എന്നിവ തൊഴിലില്ലായ്മ പരിഹരിക്കുന്ന പ്രവർത്തനങ്ങൾ നടത്തുമ്പോൾ പരിഗണിക്കേണ്ടതുണ്ട്. Work near home, work at home, start up projects, incubation centres എന്നിവക്കായുള്ള സഹായം തദേശ സ്ഥാപന തലത്തിൽ നല്കാൻ കഴിയണം. സംസ്ഥാനത്ത് നിന്നും Brain Drain ഉണ്ടാവാതിരിക്കാനും പ്രാദേശിക സാമ്പത്തിക വികസനത്തിനും ഇത്തരം പദ്ധതികൾ ഏറ്റെടുക്കേണ്ടിയിരിക്കുന്നു. അതിലേക്കായി നിലവിലുള്ള മർഗനിർദ്ദേശങ്ങൾ സമഗ്രമായും കാലനുസൃതമായും പരിഷ്കരിക്കും.

### ബി. കുടുംബശ്രീ

പുതിയ കാലഘട്ടത്തിന്റെ സാഹചര്യങ്ങൾക്ക് അനുസൃതമായി നൂതന വികസന രീതിശാസ്ത്രം അവലംബിച്ച് 2031-ഓടെ കേരളത്തിന്റെ വികസന വിപ്ലവത്തിൽ നിർണായക പങ്ക് വഹിക്കാൻ കുടുംബശ്രീക്ക് സാധിക്കും. ദാരിദ്ര്യ നിർമാർജന പരിപാടി എന്നതിൽ നിന്നും സ്ത്രീകൾ നേതൃത്വം നൽകുന്ന സുസ്ഥിര വികസന പ്രസ്ഥാനമായി കുടുംബശ്രീ സി.ഡി.എസ്സുകളെ മാറ്റുന്നതിനാണ് ലക്ഷ്യമിടുന്നത്. വരുമാനവർധനവും സ്ത്രീശാക്തീകരണവും കൂടിച്ചേർന്ന കാഴ്ചപ്പാട് മുൻനിർത്തി കൊണ്ടാണ് 'കുടുംബശ്രീ വിഷൻ 2031' രൂപകൽപ്പന ചെയ്തിട്ടുള്ളത്.

### 1. സി.ഡി.എസ്സുകളെ തൊഴിൽ ഫെസിലിറ്റേഷൻ സെന്ററുകളായി രൂപാന്തരപ്പെടുത്തും.

- **2031-**ഓടെ, ഓരോ കുടുംബശ്രീ സി.ഡി.എസ്സും അയൽക്കൂട്ട കുടുംബങ്ങൾക്കും ഓക്സിലറി ഗ്രൂപ്പ് അംഗങ്ങൾക്കും ജീവനോപാധികൾ ലഭ്യമാക്കുന്നതിനും പ്രാദേശിക സമ്പദ്‌വ്യവസ്ഥയിൽ ഉയർന്നു വരുന്ന

തൊഴിൽ അവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതിനും ഇടയാക്കുന്ന, എംപ്ലോയ്മെന്റ് ഫെസിലിറ്റേഷൻ സെന്ററുകളായി മാറുന്നതിനു ലക്ഷ്യമിടുന്നു. ഈ കേന്ദ്രങ്ങൾ വ്യവസായങ്ങൾ, സർവീസ് പ്രൊവൈഡർമാർ, സർക്കാർ പദ്ധതികൾ എന്നിവയുമായി ബന്ധങ്ങൾ സ്ഥാപിക്കുകയും ഹൈപ്പർ-ലോക്കൽ തൊഴിൽ അവസരങ്ങൾ കണ്ടെത്തുകയും, തൊഴിലുമായി ബന്ധപ്പെടുത്തുകയും ചെയ്യും.

● പ്ലേസ്മെന്റുകൾക്കതീതമായി, തൊഴിൽ മാർഗനിർദ്ദേശം, സംരംഭകത്വ മെന്ററിംഗ്, സാമൂഹ്യ സുരക്ഷാ പദ്ധതികളിലേക്കുള്ള അംഗത്വം, നൈപുണ്യ പരിശീലനം എന്നിവയും നൽകുന്ന തുടർച്ചയായ പിന്തുണാ കേന്ദ്രങ്ങളായി സി.ഡി.എസ്സുകൾ പ്രവർത്തിക്കും. ഇതിലൂടെ, കുടുംബശ്രീ സി.ഡി.എസ്സുകൾ, സ്ത്രീകൾ നയിക്കുന്ന എംപ്ലോയ്മെന്റ് ഫെസിലിറ്റേഷന്റെ (**women-led employment facilitation**) മികച്ച മാതൃകയായി ഉയർന്നുവരും.

● സി.ഡി.എസ്സുകളിൽ തൊഴിൽ മാപ്പിംഗ്, പ്ലേസ്മെന്റ് സപ്പോർട്ട് സംവിധാനം എന്നിവ രൂപപ്പെടുത്തുന്നതിലൂടെ തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനോടൊപ്പം തൊഴിലിന്റെ മാന്യതയും ന്യായമായ വേതനവും തൊഴിൽ സുരക്ഷയും ഉറപ്പാക്കും. സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് ഉയർത്തുന്നതിനായി, ഫ്ലെക്സിബിൾ വർക്ക് മോഡലുകൾ, ഡിജിറ്റൽ ജോലികൾ, വീടുകളിൽ നിന്ന് ചെയ്യാവുന്ന തൊഴിൽ അവസരങ്ങൾ എന്നിവയ്ക്ക് പ്രത്യേക മുൻഗണന നൽകും.

**2. സി.ഡി.എസുകളെ സുസ്ഥിര വികസന സ്ഥാപനങ്ങൾ ആക്കി മാറ്റും.**

● കുടുംബശ്രീ അംഗങ്ങളുടെ ക്ഷേമത്തിനും സമഗ്ര വികസനത്തിനും ഉള്ള ഇടമാക്കി കുടുംബശ്രീ സി.ഡി.എസ്സുകളെ വികസിപ്പിക്കുന്നതിനും, ഇതിന് ആവശ്യമായ മൂലധനം വിവിധ സ്രോതസ്സുകളിലൂടെ സമാഹരിച്ച് കമ്മ്യൂണിറ്റിയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന സാമ്പത്തികവും സാമ്പത്തികേതരമായ മറ്റു വികസന പ്രവർത്തനങ്ങളും നടപ്പിലാക്കുന്ന സ്വയം പര്യാപ്ത സ്ഥാപനങ്ങൾ ആക്കി മാറ്റുക എന്നുള്ളതാണ് ലക്ഷ്യം വെക്കുന്നത്. സ്വയം പര്യാപ്തത കൈവരിക്കാൻ ആവശ്യമായ മൂലധനത്തിൽ ഒരു പങ്ക് സർക്കാർ നൽകുകയും ചെയ്യുന്ന രീതിശാസ്ത്രം ആയിരിക്കും അവലംബിക്കുക.

**3. അയൽക്കൂട്ട കുടുംബങ്ങൾക്കായി സാമൂഹ്യാധിഷ്ഠിത സംരക്ഷണ പദ്ധതികൾ നടപ്പിലാക്കും**

● **2031**-ഓടെ, കുടുംബശ്രീ അയൽക്കൂട്ട അംഗങ്ങളെ സംരക്ഷിക്കുന്ന ശക്തമായ സാമൂഹ്യ സുരക്ഷാ വലയം (**safety net**) ഉറപ്പാക്കുന്നതിന് ലക്ഷ്യമിടുന്നു. ഇതിലൂടെ അയൽക്കൂട്ട കുടുംബങ്ങളുടെ പ്രതിരോധശേഷി വർദ്ധിക്കുന്നു. ലൈഫ് ഇൻഷുറൻസ്, ആരോഗ്യ ഇൻഷുറൻസ്, മെഡിക്കൽ ഇൻഷുറൻസ് തുടങ്ങിയ ഇൻഷുറൻസ് പരിരക്ഷകൾ അയൽക്കൂട്ട അംഗങ്ങൾക്ക് ഉറപ്പാക്കി അസുഖം, അപകടം, വരുമാന നഷ്ടം പോലുള്ള അപ്രതീക്ഷിത പ്രതിസന്ധികളിൽ നിന്നും കുടുംബങ്ങളെ സംരക്ഷിക്കുന്നതിനു പ്രത്യേക മുൻഗണന നൽകും.

● ഭാവിയിൽ, സമ്പാദ്യം, വായ്പ, ഇൻഷുറൻസ് എന്നിവ പരസ്പരം ബന്ധിപ്പിച്ച സമഗ്രമായ സമൂഹാധിഷ്ഠിത സാമൂഹ്യ സംരക്ഷണ ചട്ടക്കൂട് (**community-based social protection framework**) സൃഷ്ടിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഇതുവഴി അംഗങ്ങൾക്ക് വരുമാനാവസരങ്ങൾ മാത്രമല്ല, ദീർഘകാല സുരക്ഷയും മാന്യമായ ജീവിതവും ഉറപ്പുവരുത്തും.

**4. സാമൂഹികാധിഷ്ഠിത സുസ്ഥിര ഫിനാൻഷ്യൽ എക്കോസിസ്റ്റം വികസിപ്പിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യും.**

ഉത്തരവാദിത്വപൂർണ്ണവും സുസ്ഥിരവുമായ ഒരു സാമൂഹികാധിഷ്ഠിതമായ ഫിനാൻഷ്യൽ എക്കോസിസ്റ്റം സൃഷ്ടിക്കുക എന്നതായിരിക്കും കുടുംബശ്രീ മൈക്രോ ഫിനാൻസ് മേഖലയിലെ അടുത്ത അഞ്ചു വർഷത്തെ വിഷൻ. അയൽക്കൂട്ട കുടുംബങ്ങൾക്ക് ഫിനാൻഷ്യൽ സാക്ഷരത, ബജറ്റ് രൂപകൽപ്പന ചെയ്യുന്നതിനുള്ള സ്കിൽ, വായ്പാ അച്ചടക്കം (credit discipline) തുടങ്ങിയ കഴിവുകൾ വികസിപ്പിക്കുന്നതിനാവശ്യമായ തുടർ പരിശീലനങ്ങൾ നൽകും. ഇതുവഴി അനാവശ്യമായി വായ്പ എടുക്കാതെ തിരിച്ചടവ് ശേഷി മനസിലാക്കി ആവശ്യത്തിന് മാത്രം വായ്പ എടുക്കുകയും വായ്പാ തിരിച്ചടവ് ശേഷി യഥാവിധി വിലയിരുത്തുകയും ചെയ്യും. വായ്പ ലഭ്യതയെ (credit) കേവലം കടം ലഭ്യമാക്കലായി മാത്രം കാണാതെ, ജീവനോപാധി പ്രവർത്തനങ്ങൾ ആരംഭിക്കൽ, വരുമാന വർദ്ധനവ്, സാമൂഹ്യ സുരക്ഷ എന്നിവയുമായി ബന്ധിപ്പിക്കുന്ന ഒരു ഫിനാൻഷ്യൽ ടൂൾ എന്ന നിലയിൽ ഉപയോഗപ്പെടുത്തുന്നതിന് കൂടുതൽ പ്രാധാന്യം നൽകും.

**5. ചെറുകിട ഉപജീവന സംരംഭങ്ങളിൽ നിന്നും തൊഴിൽദായക ബിസിനെസ്സ് എന്റർപ്രൈസുകളിലേയ്ക്ക്**

● കുടുംബശ്രീ മൈക്രോ സംരംഭങ്ങളിൽ സാധ്യതയുള്ളവയെ മുഴുവൻ ഉയർന്ന Higher-order, Scalable & Sustainable ബിസിനസ് മാതൃകകളാക്കി മാറ്റുന്നതിൽ കൂടുതൽ പ്രാധാന്യം നൽകി ഇടപെടലുകൾ നടത്തും.

● മൈക്രോ സംരംഭങ്ങളെയും പ്രൊഡ്യൂസർ കളക്ടീവുകളെയും ശക്തിപ്പെടുത്തുകയും, വാല്യൂ ചെയിൻ ഏകീകരണം (value-chain integration), സാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗപ്പെടുത്തൽ (technology adoption), വിപണിസംബന്ധമായ ബന്ധങ്ങൾ (market linkages) എന്നിവ വഴി വികസിപ്പിക്കുകയും ചെയ്ത് ഉയർന്ന നിലവാരമുള്ള തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കും. കൂടാതെ കുടുംബശ്രീ ഹോട്ടൽ ശൃംഖല, വിവിധ ബ്രാൻഡഡ് ഉൽപ്പന്ന യൂണിറ്റുകളുടെ ശൃംഖല തുടങ്ങിയ പുതിയ മേഖലകളിലേക്ക് വൈവിധ്യമാർന്ന രീതിയിൽ ഇടപെടൽ ശക്തിപ്പെടുത്തും.

● ആരോഗ്യപരിപാലന സേവനം ആവശ്യമായ കുടുംബങ്ങളെ പിന്തുണയ്ക്കുന്നതിനായി ഹോം നഴ്സുമാരെ, പ്രത്യേകിച്ച് ജെരിയാട്രിക് കെയറിന് ഊന്നൽ നൽകിക്കൊണ്ട് പരിശീലിപ്പിച്ച സജ്ജരാക്കും.

**6. ഓക്സിലറി ഗ്രൂപ്പ് അംഗങ്ങളുടെ ഉപജീവന വികസനത്തിനു വേണ്ടിസമഗ്ര ഉപജീവന നയം രൂപീകരിക്കും**

ഓക്സിലറി അംഗങ്ങൾക്ക് പ്രത്യേക മേഖലകളിൽ വൈദഗ്ധ്യം ഉറപ്പാക്കി തൊഴിൽ നൽകുന്നതിനായി തെരഞ്ഞെടുത്ത കോളേജുകൾ, പോളിടെക്നിക്കുകൾ, ITI കൾ, FPC കൾ എന്നിവരുമായി ചേർന്ന് short term കോഴ്സുകളും തുടർന്ന് placement ഡ്രൈവുകളും സംഘടിപ്പിക്കും.

**7. ഭക്ഷ്യോത്പാദന രംഗത്ത് സ്വയംപര്യാപ്തതക്കായുള്ള സർക്കാർ ഇടപെടലുകൾക്ക് പിന്തുണ സംവിധാനമായി സി.ഡി.എസുകൾ പ്രവർത്തിക്കും.**

● സ്മാർട്ട് ഫാർമിംഗ്, ക്ലൈമറ്റ് റെസീലിയൻറ് ഫാർമിംഗ്, തുടങ്ങിയവ പ്രയോജനപ്പെടുത്തി സംസ്ഥാനത്തു ഉൽപ്പാദിപ്പിക്കാൻ പറ്റുന്ന ധാന്യങ്ങൾ, പച്ചക്കറികൾ, പഴങ്ങൾ എന്നിവയുടെ ഉത്പാദനം വർദ്ധിപ്പിക്കുകയും മൂല്യ വർദ്ധനവിലൂടെ പുതിയ ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കുകയും അതുവഴി ഭക്ഷ്യോത്പാദന രംഗത്ത് സ്വയം പര്യാപ്തതയിൽ എത്തുന്നതിനുള്ള സർക്കാരിന്റെ ഇടപെടലുകൾക്ക് ചാലകശക്തിയായി കുടുംബശ്രീ പ്രവർത്തിക്കുകയും ചെയ്യും.

● എല്ലാ ബ്ലോക്കുകളിലും ഇന്റഗ്രേറ്റഡ് ഫാർമിംഗ് ക്ലസ്റ്ററുകൾ ആരംഭിച്ച്, കാർഷിക സേവനങ്ങൾ, ഇൻപുട്ട് സെന്റർ, കാർഷിക യന്ത്ര സാമഗ്രികൾ വാടകക്ക് നൽകുന്ന കസ്റ്റം ഹയറിങ് സെന്റർ എന്നീ സേവനങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നു. ഓരോ ബ്ലോക്കിലും മൂന്ന്-നാല് കാർഷിക ഉത്പനങ്ങൾ വൻതോതിൽ മൂല്യവർധനം നടത്തുന്നതിനായി കമ്മ്യൂണിറ്റി പ്രോസസ്സിംഗ് ആൻഡ് വാല്യൂ അഡീഷൻ സെന്ററുകൾ (Livelihoods Service Centre) ആരംഭിച്ച്, ബ്രാൻഡഡ് കാർഷിക ഉത്പന്നങ്ങൾ വിപണിയിൽ

ഇറക്കും. കാർഷിക ആവശ്യത്തിന് ഉപയോഗിക്കുന്ന ഉപകരണങ്ങൾ മെഷീനറികൾ എന്നിവ സർവീസ് ചെയ്യാൻ പ്രാപ്തരായ വിദഗ്ധ തൊഴിലാളികളുടെ ഗ്രൂപ്പുകൾ ആരംഭിക്കും.

**8. കുടുംബശ്രീ മാർക്കറ്റിംഗ് ശൃംഖലകളുടെ വിപുലീകരണവും ശക്തിപ്പെടുത്തലും**

● കുടുംബശ്രീ സംരംഭകരുടെ ഉൽപ്പന്നങ്ങൾ ഉപഭോക്താക്കളിലേക്ക് ഫലപ്രദമായും, കാര്യക്ഷമമായും എത്തിക്കപ്പെടുന്ന ശക്തമായ, മാർക്കറ്റിംഗ് ഇക്കോസിസ്റ്റം കുടുംബശ്രീ വികസിപ്പിക്കും. ഇതിൽ ബൾക്ക് വിൽപ്പനയ്ക്കും റീട്ടെയിൽ വിൽപ്പനയ്ക്കും ശക്തമായ വിതരണ ശൃംഖല നിർമ്മിക്കൽ, ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമുകൾ, ഡിജിറ്റൽ ദൃശ്യപരത ഉറപ്പാക്കുന്ന ഓൺലൈൻ സംവിധാനങ്ങൾ, ഹൈപ്പർ-ലോക്കൽ വിതരണത്തിന് ഇൻസ്റ്റാമാർട്ട് മാതൃകയിലുള്ള ഡെലിവറി മോഡലുകൾ എന്നിവ ഉൾപ്പെടും. കൂടാതെ, കുടുംബശ്രീ ഉൽപ്പന്നങ്ങൾ പ്രാദേശിക സ്റ്റോറുകൾ, ഷോറൂമുകൾ, റീട്ടെയിൽ ഔട്ട്ലെറ്റുകൾ എന്നിവിടങ്ങളിൽ ലഭ്യമാക്കി, മാർക്കറ്റ് ആക്സസ് സാധ്യമാക്കി കൂടുതൽ ഉപഭാക്താക്കളിലേയ്ക്ക് എത്തിക്കുന്നതിലൂടെ കുടുംബശ്രീ ഉത്പന്നങ്ങളുടെ മൊത്ത വിൽപ്പന വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു.

**9. അരികുവത്കരിക്കപ്പെട്ടവരുടെ സാർവത്രിക പങ്കാളിത്തവും, അവകാശാധിഷ്ഠിത പങ്കാളിത്തവും ഉറപ്പാക്കും.**

● കമ്മ്യൂണിറ്റി മെന്ററിങ് പ്രവർത്തനത്തിലൂടെ ശ്രദ്ധയും ഇടപെടലും കൂടുതൽ നൽകേണ്ട അരികുവത്കരിക്കപ്പെട്ട സമൂഹത്തിലുള്ളവരെ പൂർണ്ണമായും അയൽക്കൂട്ടത്തിന്റെ ഭാഗമാക്കും. പ്രത്യേക ശ്രദ്ധ (**special attention**) വേണ്ടിവരുന്ന വിഭാഗം, പ്രദേശം, സമൂഹം എന്നിവയിൽ കേന്ദ്രീകരിച്ചുള്ളതും ആഴത്തിലുള്ളതുമായ ഇടപെടലിലൂടെ സ്ഥായിയായ മാറ്റം കൊണ്ടുവരുന്ന ഇടപെടലുകൾ സംഘടിപ്പിക്കും.

● പ്രത്യേക ശ്രദ്ധ ആവശ്യമുള്ള വിഭാഗങ്ങൾക്കായി കുടുംബശ്രീ നിലവിലുള്ള പൊതു മാർഗ്ഗ രേഖയ്ക്ക് പുറമെ പ്രത്യേക നിയമം (**Special rules**) തയ്യാറാക്കും.

● അരികുവത്കരിക്കപ്പെട്ടവരിൽ പരിഗണിക്കപ്പെടേണ്ട കുടുംബങ്ങളെയെല്ലാം ആവശ്യാധിഷ്ഠിത സമീപനത്തിലൂടെ പ്രത്യേകം പരിഗണന നൽകി കുടുംബശ്രീ സംവിധാനത്തിലൂടെ സുസ്ഥിര വികസന ഇടപെടലിലേക്ക് എത്തിക്കും. ഇതിലൂടെ എല്ലാവരുടെയും അതിജീവന-ഉപജീവന പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കും.

**10. വിവിധ ഏജൻസികളുമായുള്ള സംയോജന പ്രവർത്തനങ്ങളും ഇന്നോവേഷനും**

● സാങ്കേതിക പിന്തുണ നൽകുന്ന ഏജൻസികളുമായുള്ള പങ്കാളിത്തം ഉറപ്പാക്കുന്നതിലൂടെ വിപണി സംബന്ധമായ ബന്ധങ്ങൾ, സപ്ലൈ ചെയിൻ ഏകീകരണം, **CSR** നിക്ഷേപങ്ങൾ, സാങ്കേതിക വിദ്യയെ പ്രയോജനപ്പെടുത്തൽ എന്നിവയിൽ കേന്ദ്രീകരിച്ച് സംരംഭകത്വവും ജീവനോപാധി അവസരങ്ങളും വ്യാപകമാക്കും. ഇതോടൊപ്പം, ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ, ഇ-ഗവേണൻസ് ടൂൾസ്,സോഷ്യൽ ഇന്നോവേഷനുകൾ എന്നിവ പ്രോത്സാഹിപ്പിച്ച് കാര്യക്ഷമതയും സുതാര്യതയും വ്യാപ്തിയും വർദ്ധിപ്പിക്കും.

● പ്രാദേശിക വിഭവസമാഹരണം, നയ ഏകീകരണം, ജീവനോപാധി-സാമൂഹ്യ സുരക്ഷാ പരിപാടികളുടെ സംയുക്ത നടപ്പാക്കൽ എന്നിവയ്ക്കായി പ്രാദേശിക സർക്കാരുകളുമായി കൂടുതൽ ശക്തമായ ബന്ധങ്ങൾ സൃഷ്ടിക്കും.

**11. കേരളത്തെ സമ്പൂർണ്ണ ലിംഗ സാക്ഷരതാ സംസ്ഥാനമാക്കി മാറ്റും.**

● **2031–**ഓടെ കേരളത്തെ സമ്പൂർണ്ണ ലിംഗ സാക്ഷരതാ സംസ്ഥാനമാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കും.

● പരിശീലനം, ഗവേഷണം, പ്രചാരണ ഏകോപനം എന്നിവയ്ക്കായി സ്റ്റേറ്റ് ജൻഡർ റിസോഴ്‌സ് സെന്റർ ആരംഭിക്കും.

**12. സാമൂഹ്യ വികസന മേഖലയിൽ പത്തുലക്ഷം കുടുംബശ്രീ അയൽക്കൂട്ട/ഓക്സിലറി അംഗങ്ങളെ ഉൾപ്പെടുത്തി റിസോഴ്സ് പൂൾ സജ്ജമാക്കും**

● വിവിധ സ്ഥാപനങ്ങളുമായി സഹകരിച്ചുകൊണ്ട് ശാസ്ത്രീയമായ പരിശീലന മൊഡ്യൂൾ വികസിപ്പിച്ച് അടുത്ത അഞ്ചുവർഷം കൊണ്ട് **10** ലക്ഷം കുടുംബശ്രീ അയൽക്കൂട്ട/ ഓക്സിലറി അംഗങ്ങളെ വിവിധ വിഷയങ്ങളിൽ വിദഗ്ധരാക്കി മാറ്റി കേരളത്തിന്റെ സാമൂഹ്യ നിർമ്മിതിയിൽ അഭിവാജ്യ ഘടകമാക്കി മാറ്റും.

**2031**–ഓടെ, കേരളത്തിലെ സ്ത്രീ സമൂഹത്തിന്റെ സമഗ്ര വികസനത്തിന്റെ ആഗോള മാതൃകയായി കുടുംബശ്രീ മാറ്റുന്നതിനു ലക്ഷ്യമിടുന്നു. ശാക്തീകരണം, സമത്വം, സുസ്ഥിരത എന്നീ അടിസ്ഥാന മൂല്യങ്ങളിൽ അധിഷ്ഠിതമായ വിഷനോട് കൂടി, പാവപ്പെട്ട കുടുംബങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തി, കേരളത്തിന്റെ സാമൂഹിക പുരോഗതിക്ക് കുടുംബശ്രീ നിർണായക സംഭാവന നൽകും. കുടുംബശ്രീ സി.ഡി.എസുകൾ തൊഴിൽ ഫെസിലിറ്റേഷൻ സെന്ററുകളായി വികസിച്ച്, പ്രാദേശിക തൊഴിൽ അവസരങ്ങൾ കണ്ടെത്തുകയും, സ്ത്രീകൾക്ക് ആവശ്യമായ തൊഴിൽ പരിശീലനവും പ്ലേസ്മെന്റ് സംവിധാനവും കാര്യക്ഷമമാക്കി സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം ഉയർത്തുകയും ചെയ്യും.

**13. കുടുംബശ്രീയെ ഒരു ദേശീയബ്രാൻഡ് ആക്കി ഉയർത്തൽ**

കുടുംബശ്രീയെ ദേശീയതലത്തിലുള്ള സംരംഭക ശൃംഖലയായി ഉയർത്തും. ആഗോള നിലവാരമുള്ള ഉൽപ്പന്നങ്ങൾ നിർദ്ദിഷ്ട മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കുകയും വിപണനം നടത്തുകയും ചെയ്യുന്ന ദേശീയ തലത്തിലെ ബ്രാൻഡായി മാറ്റും. ഇതിനാവശ്യമായ ഗുണനിലവാരമാനദണ്ഡങ്ങൾ പാലിക്കുന്ന ഉൽപ്പാദന - വിതരണ വ്യവസ്ഥകൾക്ക് രൂപം നൽകും.

**14.കുടുംബശ്രീയും ഹരിത സംരംഭങ്ങളും.**

ഹരിതകർമ്മ സേന , ബദൽ ഉല്പന്നങ്ങൾ, ഗ്രീൻ ഇവൻറ് മാനേജ്മെൻറ് ഗ്രൂപ്പുകൾ എന്നീ തൊഴിൽ – വരുമാന ദായകപ്രവർത്തനങ്ങൾക്ക് ഒപ്പം മനോഭാവം – ശീലവും അനുകൂലമാക്കുന്നതിനുള്ള സാമൂഹ്യ ശൃംഖലയായും പ്രവർത്തിക്കും . ഹരിതകർമ്മസേന, ബദൽ ഉല്പന്നങ്ങൾ, ഗ്രീൻ ഇവൻറ് മാനേജ്ബൻറ യൂണിറ്റ് എന്നിവയിലൂടെ ഹരിത വികസനം – സർക്കുലാർ എക്കോണമി ലും മികച്ചൊരു മാതൃകയാണ് കുടുംബശ്രീ സൃഷ്ടിക്കുന്നത് . ഈ പ്രവർത്തനം കൂടുതൽ മികവുറ്റതാക്കാനുള്ള നടപടികൾ സ്വീകരിക്കും.

**2.12. കാര്യശേഷിവികസനവും വകുപ്പിനെ ശക്തിപ്പെടുത്തലും**

**2.12.1. വകുപ്പിന്റെ (പ്രവർത്തനങ്ങളുടെയും ഉദ്യോഗസ്ഥരുടെയും) കാര്യക്ഷമത വർധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ**

**എ.പ്രൊഫഷണൽവൽക്കരണവും സ്പെഷ്യൽ കേഡർ രൂപീകരണവും**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എൻജിനീയറിങ്, ഹെൽത്ത്, മാലിന്യ മാനേജ്മെൻറ് തുടങ്ങിയ വിഭാഗങ്ങളെ കൂടുതൽ പ്രൊഫഷണൽ ആക്കി മാറ്റും. ഉദ്യോഗസ്ഥരുടെ കാര്യശേഷിവികസനതിലൂടെയും consultancy വഴിയുള്ള പിന്തുണയിലൂടെയുമാണ് ഇത് സാധ്യമാക്കുക.

ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഭാഗമായി എഞ്ചിനീയറിംഗ് വിഭാഗം പ്രവർത്തിക്കുന്നുണ്ട് എങ്കിലും മെക്കാനിക്കൽ, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് വിഭാഗങ്ങൾ നിലവിലില്ല. സംസ്ഥാന സർക്കാരിന്റെ ഏറ്റവും വലിയ വകുപ്പുകളിലൊന്നായ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഉടമസ്ഥതയിലും വിട്ടു കിട്ടിയ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതുമായ നൂറുകണക്കിന് കെട്ടിടങ്ങൾ ഉള്ളതാണ്. സമാനമായി തദ്ദേശസ്ഥാപനങ്ങളുടെ അടക്കം നിരവധി വാഹനങ്ങളും വകുപ്പിന്റെ അധീനതയിലുണ്ട്. നിലവിലെ ആവശ്യങ്ങൾക്കായി PWD മെക്കാനിക്കൽ മെക്കാനിക്കൽ, ഇലക്ട്രിക്കൽ വിഭാഗങ്ങളെയാണ് ആശ്രയിക്കുന്നത്. ടി സാഹചര്യത്തിൽ പ്രസ്തുത മേഖലകളിൽ വൈദഗ്ധ്യമുള്ള ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനായി സ്പെഷ്യൽ കേഡർ രൂപീകരണം നടത്തുന്നതാണ്.

**ബി. ക്വാളിറ്റി മോണിറ്ററിംഗ് സംവിധാനങ്ങൾ**

തദ്ദേശഭരണസ്ഥാപനങ്ങളുടെ എല്ലാ പ്രവർത്തനങ്ങൾക്കും ഗുണനിലവാര മാനദണ്ഡങ്ങൾ നിഷ്കർഷിക്കും. നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആധുനികവും കാര്യക്ഷമവുമായ ശൈലികളും ഗുണനിലവാര മാനദണ്ഡങ്ങളും നിർബന്ധമാക്കും.

നിർമ്മാണ പ്രവർത്തികളിലെ ക്വാളിറ്റി മോണിറ്ററിംഗ് സംവിധാനങ്ങളും ലാബുകളും വകുപ്പിന്റെ നേതൃത്വത്തിൽ രൂപപ്പെടുത്തുകയോ ഉചിതമായ ഏജൻസികളെ ഉപയോഗപ്പെടുത്തിയോ ആണ് ലഭ്യമാക്കുക.

**സി. ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഫംഗ്ഷണൽ മാന്വൽ പ്രസിദ്ധീകരിക്കും.**

വകുപ്പിന്റെ ഉദ്യോഗസ്ഥശ്രേണി പട്ടിക പ്രകാരം ഓരോ തലത്തിലും നിർവ്വഹിക്കേണ്ട ചുമതലകൾ വ്യക്തമാക്കിയ അധികാര വിഭജനവും പ്രവർത്തന നടപടിക്രമങ്ങളും നിശ്ചയിക്കുന്നതാണ്. തദ്ദേശസ്ഥാപനതലം മുതൽ വകുപ്പ് മേധാവി വരെ നിർവഹിക്കേണ്ട കർത്തവ്യങ്ങൾ സ്പഷ്ടമായി രേഖപ്പെടുത്തുന്നതിലൂടെ കാര്യക്ഷമമായ ഭരണ നിർവ്വഹണവും ഫലപ്രദമായ അധികാര വികേന്ദ്രീകരണവും ഉറപ്പാക്കാനാകും.

**ഡി. ഫലപ്രദമായ മാനുഷിക വിഭവ പരിപാലനം**

നിലവിലുള്ള ഉദ്യോഗസ്ഥരുടെ സുതാര്യമായ വിന്യാസം ഉറപ്പാക്കുന്നതിന് നടപ്പിലാക്കിയ ഓൺലൈൻ സ്ഥലംമാറ്റ സംവിധാനത്തിൽ ഉദ്യോഗസ്ഥരുടെ നിയമനം മുതൽ വിരമിക്കൽ വരെയുള്ള മാനവശേഷി പരിപാലനത്തിന്റെ എല്ലാ ഘട്ടങ്ങളും ഉൾപ്പെടുത്തി നവീകരിച്ച് നടപ്പിലാക്കും. ഏകീകൃത വകുപ്പ് രൂപീകരിച്ചതിൻറെ തുടർച്ചയായി വർക്ക് സ്റ്റഡി നടത്തും. വർക്ക് സ്റ്റഡിയുടെ കണ്ടെത്തലുകളെ അടിസ്ഥാനമാക്കി ജീവനക്കാരെ സ്ഥാപനങ്ങളുടെ ആവശ്യകതക്കനുസരിച്ച് പുന ക്രമീകരിക്കുകയും ആവശ്യമെങ്കിൽ അധിക മാനവിഭവശേഷി ലഭ്യമാക്കുകയും ചെയ്യും.

**ഇ. ജനപ്രതിനിധികളുടെ ശാക്തീകരണം.**

പുതതായി തെരഞ്ഞെടുക്കപ്പെടുന്നതുൾപ്പെടെയുള്ള ജനപ്രതിനിധികൾക്ക് കാര്യശേഷി വികസനത്തിലൂന്നിയതും പ്രൊഫഷണൽ സമീപനത്തിലുള്ള തദ്ദേശസ്വയംഭരണ നിർവഹണത്തിനും സമയബന്ധിതമായ പരിശീലനം ലഭ്യമാക്കും.

**എഫ്. അഴിമതിരഹിതഭരണം**

അഴിമതി പൂർണ്ണമായും ഇല്ലാതാക്കുന്നതിനുള്ള സംവിധാനങ്ങൾ ആവിഷ്കരിക്കും. തദ്ദേശഭരണസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ഡിജിറ്റൈസേഷന്റെ സഹായത്തോടെ പൂർണ്ണമായും സുതാര്യമാക്കുകയും ജനങ്ങളുടെ ഫീഡ്ബാക്കിനായി കൂടുതൽ അവസരങ്ങൾ ഒരുക്കുകയും ചെയ്യും.

**ജി. ഓഡിറ്റ് & അക്കൌണ്ട്സ് കുറ്റമറ്റതാക്കൽ**

തദ്ദേശഭരണസ്ഥാപനങ്ങളുടെ ഓഡിറ്റിംഗ് കാലാനുസൃതമായി പരിഷ്കരിക്കും. വികസനപദ്ധതികളുടെ ഉദ്ദേശം, നിർവ്വഹണത്തിലെ കാര്യക്ഷമത, സുതാര്യത എന്നിവ ഉറപ്പാക്കുന്നതും ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങളെ അനുഭാവപൂർവ്വം പരിഗണിക്കുന്നതും ഉദ്യോഗസ്ഥർക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകി സഹായിക്കുന്ന വിധത്തിലുമുള്ള ഓഡിറ്റ് സംവിധാനത്തിന് രൂപം നൽകും. ഒപ്പം അക്കൗണ്ടിംഗ് പരിജ്ഞാനവും വർദ്ധിപ്പിക്കും.

**എച്ച്. കൂടുതൽ ശാസ്ത്രീയവും ഡാറ്റ അധിഷ്ഠിതവുമായ പദ്ധതിരൂപീകരണം**

ആധുനിക സാങ്കേതിക വിദ്യകളുടെ പ്രയോഗമുൾപ്പെടയുള്ള കാലാനുസൃതമായ മാറ്റങ്ങൾ പ്രോജക്റ്റ് രൂപവൽക്കരണത്തിലും നിർവ്വഹണത്തിലും ഉറപ്പുവരുത്തുന്നതിന് വകുപ്പിനെ കൂടുതൽ പ്രൊഫഷണലാക്കി മാറ്റും. ഇതിനായി ഗവേഷണ- വികസന സ്ഥാപനങ്ങൾ, ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങൾ എന്നിവയുമായി സഹകരിക്കുന്നതിനും സാങ്കേതികോപദേശം തേടുന്നതിനുമുള്ള സംവിധാനങ്ങൾ സ്ഥാപനവൽക്കരിക്കും. കൂടുതൽ സാങ്കേതിക വൈദഗ്ധ്യം ആവശ്യമുള്ള വികസന പ്രോജക്ടുകൾ നടപ്പാക്കുന്നതിന് ഏജൻസികളിൽ നിന്നോ വിദഗ്ധരിൽ നിന്നോ സാങ്കേതികോപദേശം സ്വീകരിക്കുന്നതിനുള്ള കൺസൾട്ടൻസി സേവനങ്ങൾ സ്വീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ തയ്യാറാക്കി നടപ്പാക്കും

**2.12.2. കില**

കിലയെ തദ്ദേശ ഭരണ-പ്രാദേശിക വികസന രംഗത്ത് ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്ക് പിന്തുണ നൽകാൻ ശേഷിയുള്ള ദേശീയ പ്രാധാന്യമുള്ള പഠന, പരിശീലന ശേഷി വികസന സ്ഥാപനമാക്കി 5 വർഷത്തിനുള്ളിൽ മാറ്റി തീർക്കുക എന്നതാണ് പൊതുലക്ഷ്യം.

- നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അർബൻ ഗവേർണൻസ് , നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റൂറൽ ഡെവലപ്മെൻറ് ആൻഡ് പഞ്ചായത്തീരാജ്, വിവിധ ഐ.ഐ.ടി.കൾ, NITകൾ, കേന്ദ്ര സർവകലാശാലകൾ, ദേശീയ ഗവേഷണ സ്ഥാപനങ്ങൾ എന്നിവയുമായുള്ള എം.ഒ.യുകളും സംയോജിത പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ഈ മേഖലകളിൽ മറ്റ് സംസ്ഥാനങ്ങൾക്ക് പരിശീലനം നൽകുന്ന ഇൻസ്റ്റിറ്റ്യൂട്ട് ആയി കിലയെ ഉയർത്തുകയും ചെയ്യുക.
- ദേശീയ തലത്തിലെ മറ്റ് സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തി നഗരവികസനം - നഗരഭരണം സുസ്ഥിരവികസന ലക്ഷ്യങ്ങളുടെ പ്രാദേശിക വത്ക്കരണം, മാലിന്യ പരിപാലനം /പ്രാദേശിക സാമ്പത്തിക വികസനം, കാലാവസ്ഥനൃതിയാനം - ദുരന്ത അതിജീവനം, ലിംഗനീതി, ഉൾച്ചേർന്ന വികസനം എന്നീ മേഖലകളിൽ മറ്റ് സംസ്ഥാനങ്ങൾക്കും, കേരളത്തിനും ഒരു വിദഗ്ധ സംവിധാനമായി ഉപയോഗിക്കാവുന്ന "സെൻ്റർ ഓഫ് എക്സലൻസ്" എന്ന നിലയിൽ കിലയെ 2031നോടെ ഉയർത്താൻ സാധിക്കും.
- പുറത്ത് നിന്നുള്ള ഫണ്ടിംഗ് (External Funding) ഏജൻസികളിൽ നിന്നും ധന സമാഹരണം നടത്തി അവർക്കു വേണ്ട പരിശീലന മോഡ്യൂൾ തയ്യാറാക്കി മെച്ചപ്പെട്ട പരിശീലന പ്രവർത്തനം

കാഴ്ചവയ്ക്കുക. വിവിധങ്ങളായ ഏജൻസികളിൽനിന്ന് ഫണ്ട് സ്വീകരിച്ച് കിലയുടെ അക്കാദമിക പ്രവർത്തനത്തെ രാജ്യത്തിനകത്തും പുറത്തും എത്തിക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

- പ്രാദേശിക വികസനം, പ്രാദേശിക ഭരണം എന്നീ മേഖലകളിൽ ആഴത്തിലുള്ള പഠന ഗവേഷണ പ്രവർത്തനങ്ങളിലൂടെ ലോകത്ത് തന്നെ ശ്രദ്ധിക്കപ്പെടുന്ന പഠനകേന്ദ്രമായി കിലയെ ഉയർത്തുക.

**തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ വികസന മാതൃകകൾ സൃഷ്ടിക്കൽ**

- വിവിധ വികസന മാതൃകകൾ സൃഷ്ടിക്കുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങളെ സഹായിക്കുക, വികസന മാതൃകകൾ സൃഷ്ടിക്കുകയും നൂതന വികസന ആശയങ്ങൾ നടപ്പിലാക്കുന്നതിന് തദ്ദേശസ്ഥാപനങ്ങളെ സഹായിക്കുകയും ആയതിലേക്ക് mentor ആയി പ്രവർത്തിക്കുകയും ചെയ്യുന്നതിന് കിലക്ക് കഴിയുന്നതാണ്. അതിനുവേണ്ടി കിലയിലെ എല്ലാ അക്കാദമിക അംഗങ്ങളെയും ചുമതലപ്പെടുത്തി കൊണ്ട് പ്രവർത്തനങ്ങൾ വ്യാപിപ്പിക്കാൻ വേണ്ടിയുള്ള പ്ലാൻ തയ്യാറാക്കുന്നതാണ്.

**പരിശീലന പ്രവർത്തനങ്ങൾ**

- കിലയിലെ സൗത്ത് ഏഷ്യൻ സെൻ്റർ ഫോർ ലോക്കൽ ഗവേർണൻസിനെ ഇന്ത്യയ്ക്കകത്തും ഏഷ്യയിലേയും, പുറത്തുള്ള വിവിധ രാജ്യങ്ങളിലെ തദ്ദേശസ്വയംഭരണ സംവിധാനങ്ങൾക്ക് പിന്തുണ നൽകുന്ന പരിശീലന കേന്ദ്രമാക്കി മാറ്റും.
- പ്രാദേശിക സാമ്പത്തിക വികസനം, മാലിന്യ പരിപാലനം എന്നീ മേഖലകളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏറ്റവും ആധുനീക ഉള്ളടക്കത്തോടെ പരിശീലനം നൽകുന്ന സംവിധാനം ആക്കി കിലയെ വികസിപ്പിക്കും.
- കിലയുടെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കാര്യശേഷി വികസനം വഴി ജെൻഡർ ബഡ്ജറ്റിംഗ്, ചൈൽഡ് ബഡ്ജറ്റിങ്, ട്രാൻസ്ജെൻഡർ വിഭാഗക്കാർക്കുള്ള പ്രത്യേക പദ്ധതികൾ വികസിപ്പിക്കുന്നതിനും നടപ്പിലാക്കുന്നതിനുള്ള തദ്ദേശ സ്ഥാപനങ്ങളെ പിന്തുണയ്ക്കുന്ന കേന്ദ്രമായി കിലയുടെ സ്കൂൾ ഓഫ് ജെൻഡർ ഗവേർണൻസ് മാറും.
- വരുംവർഷങ്ങളിൽ പ്രാദേശിക കാലാവസ്ഥാ വ്യതിയാന കർമ്മപദ്ധതി എല്ലാ തദ്ദേശ സ്ഥാപനങ്ങളിലേക്കും വ്യാപിപ്പിക്കുന്നതിനായി ഉള്ള കാര്യശേഷി വികസനം കില നൽകും
- സുസ്ഥിര വികസന ലക്ഷ്യങ്ങളെ അടിസ്ഥാനമാക്കിയുള്ള പ്രാദേശിക വികസന ആസൂത്രണത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ശേഷി നിരന്തരം വർധിപ്പിക്കുക എന്നുള്ള ഇടപെടലുകൾ കില സ്കൂൾ ഓഫ് സസ്റ്റൈനബിൾ ഡെവലപ്മെൻ്റ് ഗോൾസിൻറെ നേതൃത്വത്തിൽ നടക്കും.

**പഠന ഗവേഷണ പ്രവർത്തനങ്ങൾ**

- ലിംഗപരമായ അസമത്വങ്ങൾ, തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് എതിരായ അതിക്രമങ്ങൾ എന്നീ വിഷയങ്ങളെക്കുറിച്ച് ആഴത്തിലുള്ള ഗവേഷണ പഠനങ്ങൾ ഉണ്ടാകും
- ജനകീയ ആസൂത്രണം, തദ്ദേശസ്വയംഭരണം എന്നീ വിഷയങ്ങളിൽ ഗവേഷണ പഠനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി "Annual Researchers conclave on local governance and democracy" സംഘടിപ്പിക്കും. ഇതിൽ ഗവേഷണ സ്ഥാപനങ്ങളിൽ നിന്നും സർവകലാശാലകളിൽ നിന്നും

ഉള്ള വിദ്യാർത്ഥികൾക്കും മറ്റു വിദഗ്ധർക്കും പഠന വിഷയങ്ങളും പ്രബന്ധങ്ങളും അവതരിപ്പിക്കാൻ അവസരം നൽകും.

- "കില ജേണൽ ഓഫ് ലോക്കൽ ഗവേർണൻസ്" യുജിസി കെയർ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തും
- കേരളം നേരിടുന്ന ജനസംഖ്യ പരിവർത്തനമായി ബന്ധപ്പെട്ട പ്രതിസന്ധികളെ തരണം ചെയ്യുന്നതിനായി കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനിൽ പ്രാദേശിക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള വയോജന പരിപാലന കേന്ദ്രം, നേതൃത്വ ഭരണ കേന്ദ്രം, വൺ ഹെൽത്ത് കേന്ദ്രം എന്നീ മൂന്ന് പുതിയ സ്ഥാപനങ്ങൾ നിർദ്ദേശിക്കുന്നു.
- ഇന്ത്യയിൽ ഏറ്റവും കൂടുതൽ പ്രായമായ ജനസംഖ്യയുള്ള കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ (LSGs) വാർദ്ധക്യ സംബന്ധമായ വിഷയങ്ങൾ കൈകാര്യം ചെയ്യാൻ വയോജന പരിപാലന കേന്ദ്രം സജ്ജമാക്കും.
- കാലാവസ്ഥ വ്യതിയാനത്തിന്റെയും പ്രകൃതിദുരന്തങ്ങളുടെയും വർദ്ധിച്ചുകൊണ്ടിരിക്കുന്ന ആഘാതങ്ങളെ കണക്കിലാക്കിക്കൊണ്ട് ഇവ തരണം ചെയ്യുന്നതിന് വേണ്ടി കിലയിൽ ഇന്റർനാഷണൽ സെന്റർ ഫോർ ക്ലൈമറ്റ് ഇന്നൊവേഷൻ (ICCI) വിഭാവനം ചെയ്യുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ കാലാവസ്ഥ പരമായും ദുരന്തസാധ്യതയുമായി ബന്ധപ്പെട്ട ശാസ്ത്രീയ വിവരങ്ങൾ ശേഖരിക്കുന്നതിനും ഉപയോഗിക്കുന്നതിനും ഇതുവഴി പ്രാദേശിക പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനും ആയുള്ള കാര്യശേഷി വർദ്ധിപ്പിക്കുക എന്നതാണ് ഈ കേന്ദ്രത്തിന്റെ പ്രധാന ലക്ഷ്യം.
- **ഡിജിറ്റൽ ഡാറ്റ ഒബ്സർവേറ്ററി** : നഗരവത്കരണം സങ്കീർണ്ണവും ദ്രുതഗതിയിലും വളരുന്ന സാഹചര്യത്തിൽ, അർബൻ ഡാറ്റ ഒബ്സർവേറ്ററികൾ കേരളത്തിന്റെ നഗരപരിപാലനത്തെ കൂടുതൽ വിവരാധിഷ്ഠിതവും, ജനകീയവുമായ രീതിയിൽ മാറ്റുന്നതിന് സഹായകമാകും. ഇത് നഗരങ്ങളുമായി ബന്ധപ്പെട്ട വിവിധ ഡാറ്റകൾ - സെൻസസ് രേഖകൾ, ഉപഗ്രഹചിത്രങ്ങൾ, ഐ.ഒ.ടി സെൻസറുകൾ,ഹൈപർ ലോക്കൽ ഡാറ്റാ , പൗരർ സൃഷ്ടിക്കുന്ന ഡാറ്റ തുടങ്ങിയവ - ഒരു കേന്ദ്രീകൃത പ്ലാറ്റ്ഫോമിൽ സമാഹരിക്കുകയും ഏകോപിപ്പിക്കുകയും വിശകലനം ചെയ്യുകയും ചെയ്യുന്നു.

**ഇന്റേൺഷിപ്പ്**

- രാജ്യത്തിനകത്തും പുറത്തും നിന്ന് എത്തുന്ന വിദ്യാർഥികൾക്കും ഗവേഷകർക്കും അവരുടെ പഠനത്തിന് ഉതകുന്ന തരത്തിൽ ഇന്റേൺഷിപ്പ് പ്രവർത്തനങ്ങൾ ചെയ്യുന്നതിനു വേണ്ടി പുതിയൊരു ഇന്റേൺഷിപ്പ് പോളിസി രൂപപ്പെടുത്തി ആയതിലേക്ക് വ്യത്യസ്ത സ്ഥാപനങ്ങളുടെ സഹകരണം ഉറപ്പാക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടും.

**മറ്റ് എജെൻസികളും സർക്കാരുകളുമായുള്ള സഹകരണം**

- തദ്ദേശ ഭരണം, പ്രാദേശിക വികസനം, അധികാര വികേന്ദ്രീകരണം, വികേന്ദ്രീകൃത ആസൂത്രണം, കാര്യശേഷി വികസനം, കാലാവസ്ഥ വ്യതിയാനം, ദുരന്തനിവാരണം ലിംഗനീതി, പാർശ്വവൽക്കരിക്കപ്പെട്ടവരുടെ വികസനം, നഗരവൽക്കരണം, നഗരവികസനം, നേതൃത്വ വികസനം, സുസ്ഥിര വികസനം തുടങ്ങിയ വിവിധ മേഖലകളിൽ പഠനം, ഗവേഷണം,

കാര്യശേഷി വികസനം എന്നിവയിൽ ദേശിയ അന്തർദേശിയ തലത്തിൽ ഇടപെട്ട് പ്രവർത്തിക്കുന്നതിന് വേണ്ടി മറ്റ് സർക്കാരുകളുമായും, മറ്റ് ഏജൻസികളുമായും, എം ഒ യു ഒപ്പുവച്ച് കിലയുടെ പ്രവർത്തനങ്ങൾ കര്യക്ഷേമമാക്കാൻ കഴിയുന്ന തരത്തിൽ പ്ലാനുകൾ രുപപെടുത്തി പ്രവർത്തികുന്നതാണ്.

## 2.13 മാലിന്യ മുക്തം നവകേരളം

മണ്ണിലേക്കും ജലാശയങ്ങളിലേക്കും നേരിട്ട് മാലിന്യം തള്ളാത്ത ഉത്തരവാദിത്വമുള്ള സമൂഹ സൃഷ്ട്ടിയാണ് ലക്ഷ്യം. ഇതിലേക്ക് " ഉത്തരവാദിത്വമുള്ള ഉപഭോഗം " എന്ന മൂല്യബോധം ഉള്ള സമൂഹമായി മാറ്റുന്നതിന് പ്രായോഗിക പ്രവർത്തനത്തിലൂന്നിയ ബഹുജന വിദ്യാഭ്യാസ ക്യാമ്പയിൻ്റെ കാലഘട്ടമായിരിക്കും 2031.'

**സമീപനം**

- മാലിന്യ പരിപാലനം –ക്ലൈമറ്റ് ആക്ഷൻ – എന്നതായിരിക്കും സ്വീകരിക്കുന്ന സമീപനം
- മാലിന്യ പരിപാലനം വിഭവ വീണ്ടെടുക്കലും ഉല്പാദനവും തൊഴിലും ഉറപ്പാക്കുന്ന സാമ്പത്തിക പ്രവർത്തനം – സർക്കുലാർ എക്കോണമി സമീപനമായിരിക്കും മുഖ്യസമീപനം.
- മാലിന്യത്തിൻ്റെ അളവ് കുറക്കാൻ സഹായിക്കുന്ന മാലിന്യ പരിപാലന രീതി ആയിരിക്കും പിന്തുടരുക.
- ആകർഷവും സുസ്ഥിരതയും നൽകുന്ന തൊഴിൽ മേഖലയായി മാലിന്യ പരിപാലനം മാറ്റും
- പാഴ് വസ്തു പരിപാലനം – വിഭവ വീണ്ടെടുക്കൽ – എന്നതിലൂടെ വിഭവ ഉപഭോഗം സുസ്ഥിര വികസനം ഉറപ്പാക്കാനുള്ളതാക്കി മാറ്റും.
- സാമൂഹ്യനീതിയും പരിസ്ഥിതിനീതിയും ഉറപ്പാക്കുന്ന പരിപാലന രീതിയും സംവിധാനവും സൃഷ്ട്ടിക്കുന്നതായിരിക്കും
- ജനപങ്കാളിത്തവും സാമൂഹ്യ കേന്ദ്രീകൃതവുമായ ആസൂത്രണ – നിർവ്വഹണ – മോണിട്ടറിംഗ് – രീതി ആയിരിക്കും സ്വീകരിക്കുക
- തൊഴിൽ – മേഖലയിൽ : നൈപുണ്യവികസനം – എല്ലാ വിഭാഗം തൊഴിലെടുക്കുന്നവർക്കും തൊഴിലിൽ നിന്നുള്ള മാലിന്യം കുറക്കാനുള്ള നൈപുണ്യ വികസനം മാലിന്യ പരിപാലനത്തിൻ്റെ സുസ്ഥിരതക്കുള്ള നടപടിയുടെ ഭാഗമായിരിക്കും.
- പാക്കിംഗ് രഹിത ഷോപ്പുകൾ , സീറോ വേസ്റ്റ് സ്ഥാപനങ്ങൾക്കു പ്രത്യേക പ്രോത്സാനം നൽകുന്ന സമീപനം സ്വീകരിക്കും.
- സ്ഥാപനങ്ങളുടെ ഗ്രീൻ ലീഫ് റേറ്റിംഗ് മാലിന്യ പരിപാലനത്തിലെ ഒരു മുഖ്യ സമീപനമായിരിക്കും.
- സ്വകാര്യ സംരംഭകരെ പ്രോത്സാഹിപ്പിക്കുകയും സ്വകാര്യ മേഖലയുടെ പരമാവധി സാധ്യത പ്രയോജനപ്പെടുത്തും
- ശാസ്ത്രീയ മാലിന്യ പരിപാലന രീതി പിന്തുടരാനുള്ള മനോഭാവമാറ്റത്തിനും ശീലവൽക്കരണത്തിനും ഉയർന്ന പ്രാധാന്യം നൽകും. ഇതോടൊപ്പം തെറ്റായ രീതികൾ പിന്തുടരുന്ന വർക്കെതിരെ കർശന നിയമനടപടി സ്വീകരിക്കും.

- നിയമലംഘനം നടത്തുന്നവരെ കണ്ടെത്താനും നിയമത്തിൻ്റെ പരിധിയിൽ കൊണ്ടുവരാനും ബഹുജന പങ്കാളിത്തം പ്രയോജനപ്പെടുത്തും ..

**ലക്ഷ്യം**

1. 2031 ൽ 100% ജൈവമാലിന്യങ്ങൾ ശാസ്ത്രീയ പരിപാലനത്തിലൂടെ മീഥേൻ ബഹിർഗമനം - 0 ആക്കും
2. 2031ൽ പുനഃചക്രമണ സാധ്യമായ മുഴുവൻ വസ്തുക്കളും പുനഃചക്രമണത്തിന് വിധേയമാക്കും.
3. 2031 ആകുമ്പോൾ വിഭവ പരിപാലനത്തിൻ്റെ ഭാഗമായി പാഴ് വസ്തുവിൽ നിന്നും വീണ്ടെടുക്കാനും ഉല്പാദിപ്പിക്കാനും കഴിയുന്ന വസ്തുക്കളുടെ ഉപഭോഗത്തിന് നിയമപരമായ പിൻബലത്തോടെ വിപണി ഉറപ്പാക്കും.
4. food Loss and Food waste കുറക്കാനുള്ള പ്രവർത്തനം - ഭക്ഷണ നഷ്ട്ടം 70% കുറക്കാനും 100% വിഭവ വീണ്ടെടുക്കലും ഉറപ്പാക്കുന്ന തരത്തിൽ ഭക്ഷ്യമാലിന്യ പരിപാലനം 2030 ഓടെ ഉറപ്പാക്കും.
5. കാർഷിക മാലിന്യങ്ങൾ 100% സമാഹരിച്ച് മൂല്യ വർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റുന്നതിനുള്ള സംവിധാനങ്ങളും നടപടികളും 2030ന് ഉറപ്പാക്കും.
6. 2031 ആകുമ്പോൾ 100% കക്കൂസ് മാലിന്യവും സംസ്കരിക്കാനുള്ള സംവിധാനം ഉറപ്പാക്കും
7. 2031. ആകുമ്പോൾ മുഴുവൻ വ്യാപാര - വ്യവസായ സ്ഥാപനങ്ങളിലും മലിനജല പരിപാലന സൗകര്യം ഉണ്ടെന്ന് ഉറപ്പാക്കും
8. പുനഃചക്രമണം ചെയ്ത ജലത്തിൻ്റെ ഉപയോഗം ഉറപ്പാക്കുന്ന തരത്തിൽ ഉല്പാദക ഉത്തരവാദിത്തം 2028 മുതൽ നിയമ പിൻബലത്തോടെ നടപ്പാക്കും
9. 2030 ആകുമ്പോൾ - മാലിന്യത്തിൻ്റെ അളവ് കുറക്കാൻ 100% സ്ഥാപനങ്ങളിലും , പൊതുപരിപാടികളിലും ഗ്രീൻപ്രോട്ടോക്കോൾ നിയമാനുസൃതം ഉറപ്പാക്കും . സ്ഥാപനങ്ങളുടെ പർച്ചേസ്, പ്രൊക്കുയർമെൻ്റ് , മെറ്റീരിയൽ യൂസ്, വിഭവ ഉല്പാദനം, തൊഴിൽ നൈപുണ്യം തുടങ്ങിയ വിഭവ ഉപഭോഗ പ്രക്രിയകളിൽ നിയമാനുസൃത നടപടിയായി ഗ്രീൻ പ്രോട്ടോക്കോൾ നടപ്പാക്കും
10. 2028 ആകുമ്പോൾ മാലിന്യ പരിപാലനത്തിനായി മുഴുവൻ LSGകളിലും പ്രത്യേക കേഡർ കൊണ്ടുവരും. ഒപ്പം നിരന്തര നൈപുണ്യവികസനത്തിനുള്ള സ്ഥാപന സംവിധാനത്തിന് രൂപം നൽകും.

**അടിസ്ഥാന സൗകര്യം**

1. **ജൈവ മാലിന്യം:**

എല്ലാ തരം ജൈവ മാലിന്യങ്ങളേയും കമ്പോസ്റ്റ് വളം , ബയോഗ്യാസ്, ഇതര മൂല്യവർധിത ഉല്പന്നങ്ങൾ ( മത്സ്യ / വളർത്തുമൃഗ തീറ്റ etc ) തുടങ്ങിയ വിഭവങ്ങളാക്കി മാറ്റുന്ന *കാർഷികാനുബന്ധ വ്യവസായ മേഖലയായി മാറ്റും.* ഉറവിടത്തിലും സാമൂഹ്യ തലത്തിലും വ്യവസായിക സംരംഭം യൂണിറ്റുകളും ചേർന്നുള്ള സംയോജിത രീതിയായിരിക്കും ഈ ലക്ഷ്യം നേടുന്നതിനായി പ്രയോജനപ്പെടുത്തുക.

ജൈവ മാലിന്യ സംസ്കരണ സംവിധാനം പ്രോത്സാഹിപ്പിക്കുന്നതിന് വീടുകളിലും സ്ഥാപനങ്ങളിലും കമ്മ്യൂണിറ്റി തല സംവിധാനങ്ങൾക്ക് പുറമെ ബ്ലാക്ക് സോൾജിയർ ഫ്ലൈ, വിൻഡ്രോ കമ്പോസ്റ്റിംഗ് യൂണിറ്റുകൾ, ബയോ CNG പ്ലാന്റുകൾ തുടങ്ങി വിവിധങ്ങളായ സംസ്കരണ സംവിധാനങ്ങളുടെ സാദ്ധ്യത

പ്രയോജനപ്പെടുത്താൻ നിലവിൽ കഴിഞ്ഞിട്ടുണ്ട്. കേരളത്തിൽ ഉണ്ടാകുന്ന ജൈവമാലിന്യം ഉറവിടം മുതൽ സംസ്കരണ സ്ഥലം വരെ ട്രാക്ക് ചെയ്യുന്നതിനും അളവ് , സംസ്കരണ രീതി , ഉണ്ടാകുന്ന ഉല്പന്നം , തുടങ്ങി എല്ലാ പ്രക്രിയും കൃത്യമായി രേഖപ്പെടുത്തുന്ന ഡിജിറ്റൽ സംവിധാനം ഉറപ്പാക്കും. സംയോജിത സംവിധാനങ്ങളിലൂടെ 100% ജൈവമാലിന്യവും സംസ്കരിക്കാനുള്ള ക്രമീകരണം 2027 മാർച്ച് 30ന് ഉള്ളിൽ ഉറപ്പാക്കും. ഇതിലൂടെ കാർബൺ , മീഥേയൻ ക്രഡിറ്റ് ഫണ്ടുകൾ നേടാനുള്ള അർഹത നേടും.

താഴെപ്പറയുന്ന രീതിയിലുള്ള പ്രത്യേക ഇടപെടലുകൾ നടത്തും.

**(A) ഉറവിട ജൈവ മാലിന്യം :**

വീടുകളിലും സ്ഥാപനങ്ങളിലും സ്ഥാപിച്ചിട്ടുള്ള ജൈവ മാലിന്യ സംസ്കരണ ഉപാധികളുടെ പരിപാലനം ഗുണമേന്മയുള്ള ഇനോക്കുല ലഭ്യത , കമ്പോസ്റ്റ് പ്രയോജനപ്പെടുത്തൽ എന്നിവക്ക് കൃത്യമായ സേവനം നൽകുന്നതിന് ഹരിതകർമ്മ സേനയെയും തദ്ധെഷതാപനങ്ങളെയും പ്രാപ്തരാക്കും.

**(B). കമ്മ്യൂണിറ്റി ജൈവ മാലിന്യ സംസ്കരണം**

കമ്മ്യൂണിറ്റി കമ്പോസ്റ്റിംഗ് / ബയോഗ്യാസ് യൂണിറ്റുകളുടെ ദൈനംദിന നടത്തിപ്പിന് അനിവാര്യമായ വൈദഗ്ധ്യ പരിശീലനം, കൂടുതൽ യുനിട്ടുകൾ സ്ഥാപിക്കൽ, യുനിട്ടുകൾ യന്ത്രവൽക്രിതമായി മാറ്റൽ, അവയുടെ പരിപാലനത്തിനുള്ള ശേഷി വർധിപ്പിക്കൽ എന്നിവയ്ക്ക് ഊന്നൽ നൽകും.

**(C) വ്യവസായികാടിസ്ഥാനത്തിലുള്ള ജൈവ മാലിന്യ സംസ്കരണ പ്ലാൻറ്റുകൾ :**

ഉറവിട – പൊതു ജൈവമാലിന്യ സംസ്കരണ യൂണിറ്റുകൾക്ക് പുറമേ വലിയ നഗര പ്രദേശങ്ങളും വലിയ തോതിൽ ജൈവമാലിന്യം ഉണ്ടാകുന്ന സ്ഥലങ്ങളിലും Bio CNG പ്ലാൻറുകൾ ആരംഭിക്കും. ആദ്യ പ്ലാൻറ് എറണാകുളത്ത് പൂർത്തിയായി. കോഴിക്കോട്, തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ എന്നിവടങ്ങളിൽ നടപടികളാരംഭിച്ചു. ഇവയെല്ലാം 2027 മാർച്ച് ആകുമ്പോൾ പൂർത്തിയാക്കും

**(D) മറ്റ് മാലിന്യങ്ങൾ:**

2030 ൽ കേരളത്തെ കാർഷിക മാലിന്യ രഹിത സംസ്ഥാനമാക്കി മാറ്റും. മാലിന്യങ്ങൾ ഉറവിടത്തിൽ ശേഖരിച്ച് പരിപാലന സംവിധാനത്തിലേക്ക് പോകുന്നത് 100% മാകുന്നതോടെ റോഡ് സ്വീപ്പിംഗ് കുറച്ചുകൂടി സുഗമവും അനായസകരവും ആകും.

**2. അജൈവം**

അജൈവ മാലിന്യം വ്യവസായത്തിനുള്ള അസംസ്കൃത വസ്തുവാണ്. സുസ്ഥിര വിഭവ വിനിയോഗം ഉറപ്പാക്കാൻ അജൈവ പാഴ് വസ്തുക്കളുടെ ഉപയോഗം പരമാവധി ദീർഘിപ്പിക്കാൻ കഴിയണം. അതിന് വഴിവയ്ക്കുന്ന പരിപാലന രീതിയാണ് അജൈവ പാഴ് വസ്തു പരിപാലനത്തിൽ സ്വീകരിക്കുന്നത്. പുനഃചക്രമണ സാധ്യമല്ലാത്ത വസ്തുക്കളെ അടിസ്ഥാനമാക്കിയുള്ള ഉല്പന്ന നിർമ്മിതിയിൽ മാറ്റം വരുത്തുന്നതിന് വ്യവസായ വകുപ്പുമായി ചേർന്ന് പരിപാടിക്ക് രൂപം നൽകും. ഇതിന് ആവശ്യമായ നയരൂപീകരണം നടത്തും. ഉല്പാദനം മുതൽ അവസാനം വരെ പാഴ് വസ്തുവിൻ്റെ അളവ് കുറക്കാൻ പറ്റുന്ന രീതിയിലുള്ള ഉല്പന്നത്തിനും ഉല്പാദന പ്രക്രിയിക്കും ആവശ്യമായ നയം കൊണ്ടുവരും. ശേഖരിക്കുന്ന അജൈവ പാഴ് വസ്തുക്കൾ 100% തരം തിരിക്കൽ ഉറപ്പാക്കുകയും കുറഞ്ഞത് 70% പുനഃചക്രമണ സാദ്ധ്യമായ രീതിയിൽ വേർതിരിച്ചെടുക്കാൻ പാകത്തിനുള്ള അടിസ്ഥാന സൗകര്യം എല്ലാ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലും 2028 മാർച്ചോടെ ഉറപ്പാക്കും.

**3. സ്പെഷ്യൽ മാലിന്യം :**

ജൈവ – അജൈവ മാലിന്യ വിഭാഗങ്ങളിൽ പ്രത്യേക പരിപാലന സംവിധാനം ആവശ്യമായ സവിശേഷ വിഭാഗത്തിലെ മാലിന്യങ്ങളുണ്ട്. മൂല്യ വർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കാൻ കഴിയുന്നതും ഊർജ്ജം വീണ്ടെടുക്കാൻ മാത്രം പറ്റുന്ന മാലിന്യങ്ങളും ഈ വിഭാഗത്തിൽ വരാം. മാലിന്യത്തിൻറെ സ്വഭാവം അനുസരിച്ച് പ്രത്യേക തരം മാലിന്യങ്ങൾ സംസ്കരിക്കാനുള്ള സംവിധാനങ്ങൾ നിർമ്മിക്കും. മുടി, ഇറച്ചി, മത്സ്യ  ഉടങ്ങിയവയ്ക്ക് ഇതിനകം സംസ്കരണ സംവിധാനങ്ങൾ വന്നു കഴിഞ്ഞു. പ്രത്യേക സംസ്കരണ സംവിധാനം വേണ്ട നിലവിലുള്ള എല്ലാത്തരം മാലിന്യങ്ങൾക്കും 2030 നുള്ളിൽ സംസ്ഥാനത്തിൻ്റേതായ സംസ്കരണ പ്ലാൻ്റുകൾ നിർമ്മിക്കും.

താഴെപ്പറയുന്ന മേഖലകളിലെ മാലിന്യസംസ്കരണത്തിൽ പൂർണത കൈവരിക്കാനാണ് പദ്ധതികൾ ഏറ്റെടുത്തു നടപ്പിലാക്കുക.

*(A) സ്പെഷ്യൽ മാലിന്യം – ജൈവം :*

*(B) സ്പെഷ്യൽ മാലിന്യം – അജൈവം*

*(a) സാനിറ്ററി മാലിന്യം*

*(b) ഇ-മാലിന്യം :*

*(c) സി & ഡി മാലിന്യം*

*(d)* ഗാർഹിക മെഡിക്കൽ മാലിന്യം :

4. **മാലിന്യ കൂനരഹിത സംസ്ഥാനം.  സ്ഥലം വീണ്ടെടുക്കൽ – (ഡംപ് സൈറ്റുകൾ ), ലാൻഡ് ഫില്ലുകൾ**

കേരളത്തിലെ മുഴുവൻ മാലിന്യ കൂനകളും 2028 മാർച്ചിനുള്ളിൽ ശാസ്ത്രീയ പരിപാലനത്തിലൂടെ സ്ഥലങ്ങൾ വീണ്ടെടുത്ത് മാലിന്യ കൂനകൾ രഹിത സംസ്ഥാനമായി 2028 മാർച്ച് 30 ന് പ്രഖ്യാപിക്കും. സംസ്ഥാനത്തു ഖരമാലിന്യ പരിപാലത്തിനു ഏറെ വെല്ലുവിളികൾ നേരിടുന്നത് സാനിറ്ററി ലാൻഡ് ഫില്ലുകൾ, നിർമ്മാണ പൊളിക്കൽ മാലിന്യങ്ങളുടെ സംസ്കരണ സംവിധാനം, പുനഃചംക്രമണ പ്ലാൻ്റുകൾ എന്നിവ ലഭ്യമല്ലാത്തതും പുനഃചംക്രമണയോഗ്യമല്ലാത്ത അജൈവമാലിന്യങ്ങളുടെ സംസ്കരണം, ആധുനിക അറവു ശാലകൾ, സാനിറ്ററി മാലിന്യത്തിൻ്റെ സംസ്കരണം എന്നിവയ്ക്ക് ആവശ്യമായ സംവിധാനങ്ങൾ ഇല്ലാത്തതുമാണ്. ഇതിലേക്ക് ഇങ്ങനെ വീണ്ടെടുക്കുന്ന സ്ഥലങ്ങൾ പ്രയോജനപ്പെടുത്തി വലിയ ലാൻഡ് ഫില്ലുകളും ഏര്ത് പാർക്കുകളും സൃഷ്ടിക്കും.

**5. ദ്രവമാലിന്യം :**

2024 ലെ പ്രോപ്പോസ്ഡ് ജനസംഖ്യ പ്രകാരം, കേരളത്തിൽ സൃഷ്ടിക്കപ്പെടുന്ന മൊത്തം ദ്രവ മാലിന്യത്തിന്റെ അളവ് 3,999 MLD (നഗര പ്രദേശങ്ങളിൽ നിന്ന് 1018 MLD, ഗ്രാമപ്രദേശങ്ങളിൽ നിന്ന് 2,981 MLD) ആണ്. സംസ്ഥാനത്തിന്റെ സ്ട്രാറ്റജി, നഗര പ്രാദേശിക സ്ഥാപനങ്ങളിലെ (ULBs) core സാനിറ്റേഷൻ സോണുകളിൽ നെറ്റ്‌വർക്ക് അടിസ്ഥാനത്തിലുള്ള സീവെജ് മാലിന്യശുദ്ധീകരണ നിലയങ്ങൾ (STPs) സ്ഥാപിക്കുന്നതും, core സാനിറ്റേഷൻ സോണുകളുടെ പുറത്തുള്ള പ്രദേശങ്ങളിലും ഗ്രാമപ്രദേശ ങ്ങളിലും കക്കൂസ് മാലിന്യ ശുദ്ധീകരണ നിലയങ്ങൾ (FSTPs) സ്ഥാപിക്കുന്നതുമാണ്. നിലവിൽ സംസ്ഥാനത്ത് STPകളുടെ മൊത്തം ശേഷി 432.283 MLD ആണ്. ഇതിൽ നിലവിലുള്ളതും, പുരോഗമിക്കുന്നതും, നിർദ്ദേശിച്ചിരിക്കുന്നതുമായ പദ്ധതികൾ ഉൾപ്പെടുന്നു. 24.10.2024– ലെ NGT റിപ്പോർട്ട് പ്രകാരം സംസ്ഥാനത്തിന്റെ മൊത്തം ശേഷി 342.96 MLD ആയിരുന്നു. ഇതുമായി താരതമ്യം ചെയ്യുമ്പോൾ, 89.323 MLD അധിക ശേഷി കൂടി ലഭ്യമാക്കി, ദ്രവ മാലിന്യത്തിന്റെ കാര്യക്ഷമമായ സംസ്കരണം സാധ്യമാക്കി. അതുപോലെ, സംസ്ഥാനത്തിന്റെ FSTP-കളുടെ നിലവിലെ ശേഷി 4666 KLD ആണ്.

ഇപ്രകാരം, നഗരപ്രദേശങ്ങളിലെ ദ്രവമാലിന്യ സംസ്കരണ സംവിധാനങ്ങളുടെ (STPs) ഗ്യാപ്പ് 585.783 MLD-യും, ഗ്രാമപ്രദേശങ്ങളിലെയും നഗരപ്രദേശങ്ങളിലെയും കക്കൂസ് മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ ഗ്യാപ്പ് 3.564 MLD-യുമാണ്. കാലാകാലങ്ങളിൽ ഉണ്ടാവുന്ന ദ്രവമാലിന്യം സംസ്കരിക്കുന്നതിനുള്ള ഗ്യാപ്പ് പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ/ പദ്ധതികൾ സ്വീകരിക്കും. കൂടാതെ നിലവിൽ എല്ലാ സംസ്കരണ പ്ലാന്റുകളിലെയും ശുദ്ധീകരിച്ച വെള്ളം പുനരുപയോഗം ചെയ്യുന്നുണ്ടെങ്കിലും, 2031 ഓടെ കുറഞ്ഞത് 30% പുനരുപയോഗം എന്ന ലക്ഷ്യം സാധ്യമാക്കുന്നതാണ്.

നഗരങ്ങളിലും ഗ്രാമങ്ങളിലും സൃഷ്ടിക്കപ്പെടുന്ന മലിനജലം മുഴുവനായും ഒരു വലിയ ശുദ്ധീകരണ പ്ലാന്റിലേക്ക് (STP) കൊണ്ടുപോയി സംസ്കരിക്കുന്നതിന് പകരം, ചെറിയ യൂണിറ്റുകളിലൂടേയോ പ്രാദേശികതലത്തിലോ മലിനജലം ശുദ്ധീകരിച്ച് വീണ്ടും പ്രയോജനപ്പെടുത്തുന്ന വികേന്ദ്രീകൃത സംവിധാനങ്ങളായ ബയോ-ഡൈജസ്റ്റർ, കണ്ട്രക്റ്റഡ് വെറ്റ്ലാൻഡ്സ്, മെമ്പ്രെയിൻ ബയോ-റിയാക്ടറുകൾ, വികേന്ദ്രീകൃത ഫീക്കൽ സ്ലഡ്ജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ (FSTPs) എന്നിവയുടെ വ്യാപനത്തിലൂടെ മലിനജലം ഉത്പാദിപ്പിക്കുന്ന സ്ഥലത്തിനടുത്ത് തന്നെ അത് ശുദ്ധീകരിക്കുകയും പരമാവധി പുനരുപയോഗം നടത്തുകയും ചെയ്യും.

**6. ഹരിതകർമ്മസേന :**

മാലിന്യ പരിപാലന സംവിധാനത്തിലെ മുഖ്യകണ്ണിയാണ് ഹരിതകർമ്മസേന. ഖര - ദ്രവ വിഭാഗങ്ങളിൽ വരുന്ന എല്ലാ വിഭാഗം മാലിന്യങ്ങളും ശാസ്ത്രീയമായ പരിപാലനം ചെയ്യുന്ന ഏജൻസിയായി വികസിപ്പിക്കനാണ് ലക്ഷ്യം. മാലിന്യ ശേഖരണ , സംസ്കരണ-സംഭരണ സംവിധാനങ്ങളുടെ നടത്തിപ്പ് , മാലിന്യത്തിൻറെ അളവ് കുറക്കാനുള്ള സേവനങ്ങൾ ലഭ്യമാക്കൽ , ശുചിത്വവുമായി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിലെ ***ഗ്രീൻ ടെക്നോളജി സർവ്വീസ് സെൻറർ*** *എന്ന നിലയിൽ " സിങ്കിൾ പോയിൻറ് സൊല്യൂഷൻ സെൻറർ " - എന്ന നിലയിലേക്ക് മാറ്റും.* അതിനു ആവശ്യമായ വൈദഗ്ധ്യവികസനം, പ്രത്യേക നൈപുണ്യം നേടിയവരെ ഉൾപ്പെടുത്തൽ, ആധുനിക സാങ്കേതിക വിദ്യകളുടെയും യന്ത്രവൽക്കരണത്തിന്റെയും സഹായത്തോടെ സേവന ഗുണമേന്മ ഉയർത്തുന്നതിനും, കൃത്യതയും സുരക്ഷയും ഉറപ്പാക്കാനും, തൊഴിൽ കാഠിന്യം കുറയ്ക്കാനും ആവശ്യമായ നടപടി സ്വീകരിക്കും. 2031 ആകുമ്പോൾ കേരളത്തിലെ എല്ലാ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലും ഈ രംഗത്തെ സേവനങ്ങൾക്കായി എല്ലാ ആധുനിക സൗകര്യങ്ങളോടുകൂടിയ ഗ്രീൻ ടെക്നോളജി സർവ്വീസ് സെൻററുകളായി ഹരിതകർമസേന കൺസോർഷ്യത്തെ മാറ്റും.

**7. മാലിന്യ പരിപാലനം-ഡിജറ്റൽ ഗവേണൻസ് സംവിധാനം**

മാലിന്യത്തിൻറെ ഉൽഭവസ്ഥാനം മുതൽ പരിപാലനസ്ഥലം വരെ കൃത്യമായി പിന്തുടരുന്നതിലൂടെ മാത്രമേ സുരക്ഷിത പരിപാലനം ഉറപ്പാക്കാൻ കഴിയൂ. മാലിന്യത്തെ വിഭവമാക്കി മാറ്റുന്നതിനും ഈ മോണിട്ടറിംഗ് അനിവാര്യം. എല്ലാ വിഭാഗത്തിലും വരുന്ന മാലിന്യത്തിൻറെ അളവ്, സ്വഭാവം, കടന്നുപോകുന്ന വഴി സംഭരണം , സംസ്കരണം , അതിൽ നിന്നും ഉണ്ടാക്കുന്ന ഉല്പന്നം, സാമ്പത്തിക ചിലവ് , തുടങ്ങി എല്ലാ ഘടകങ്ങളും അറിയുകയും മനസ്സിലാക്കി മോണിട്ടർ ചെയ്യുന്നതും സർക്കുലാർ എക്കോണമി സമീപനം ഉറപ്പാക്കാൻ ആവശ്യമാണ്. ഇതിനായി സമഗ്ര ഡിജിറ്റൽ മോണിട്ടറിംഗ് സംവിധാനമാണ് വിഭാവനം ചെയ്തിരിക്കുന്നത്.

**8. ശേഷി വികസനം**

മുകളിൽ പ്രതിപാദിച്ച പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്താൻ തദ്ദേശസ്ഥാപനങ്ങളെയും ഹരിതകർമ്മസേനകളെയും വകുപ്പിന്റെ കീഴിലുള്ള എജെൻസികളെയും ഉദ്യോഗസ്ഥരെയും

പ്രാപ്തരാക്കാനുതകുന്ന വിവിധ പരിശീലനങ്ങൾക്കു ഊന്നൽ നൽകും.

**9. വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ:**

മാലിന്യം വലിച്ചെറിയാതിരിക്കൽ, ഉറവിടത്തിൽ തരം തിരിക്കൽ, ബിന്നുകളിൽ തരംതിരിച്ച് നിക്ഷേപിക്കൽ, നിരോധിത വസ്തുക്കൾ ഉപയോഗിക്കാതിരിക്കൽ, മാലിന്യം കത്തിക്കാതിരിക്കൽ എന്നിവയും ശാസ്ത്രീയ മാലിന്യ പരിപാലന സംവിധാനങ്ങളെ മനസ്സിലാക്കാതെ എതിർക്കലും ഇപ്പോഴും ഒരു വിഭാഗത്തിൻ്റെ മനോഭാവത്തിലും ശീലത്തിലും നിലനിൽക്കുന്നു. ഇത് പരിഹരിക്കാനുള്ള പ്രത്യേക പരിപാടി അനിവാര്യമാണ്. നഴ്സറിമുതൽ ഉന്നതവിദ്യാഭ്യാസംവരെ ഔപചാരിക വിദ്യാഭ്യാസത്തിലൂടെയുളള നിരന്തരവിദ്യാഭ്യാസവും പ്രവർത്തനങ്ങളുമാണ് സുസ്ഥിരമായ മാറ്റത്തിനുള്ള ഒരു പ്രധാന ഘടകം. ഇക്കാര്യത്തിലും എല്ലാ മാധ്യമങ്ങളേയും ഏകോപിപ്പിച്ചു കൊണ്ടുള്ള ഒരു സമഗ്ര വിവര- വിജ്ഞാന പരിപാടിയിലും ഊന്നൽ നൽകും.

**10. നിയമനടപടി**

മാലിന്യ പരിപാലനത്തിനുള്ള അടിസ്ഥാനസൗകര്യങ്ങളും സേവനങ്ങളും ഉറപ്പാക്കുന്നതിന് ഒപ്പം മനോഭാവവും ശീലവും മാറ്റുന്നതിലൂടെ മാത്രമേ ശാസ്ത്രീയമാലിന്യ പരിപാലനം സുസ്ഥിരമാക്കാൻ കഴിയൂ. ഇതിന് ആവശ്യമായ പ്രവർത്തനങ്ങൾ നടന്നാലും മനോഭാവവും ശീലവും മാറ്റുന്നതിൽ നിയമനടപടികൾക്കും വലിയൊരു പങ്കുണ്ട് . കഴിഞ്ഞ 2 വർഷത്തെ പ്രവർത്തനാനുഭവം ഇതിൻ്റെ തെളിവുകൂടിയാണ്. നിയമനടപടിയുടെ മുഖ്യ ചുമതല ഗ്രാമപഞ്ചായത്ത്, നഗരസഭകൾക്കാണ്. തദേശസ്വയം ഭരണ സ്ഥാപനക്ക് ഫലപ്രദമായി നിയമനടപടി സ്വീകരിക്കാൻ ആവശ്യമായ ചട്ടങ്ങൾ, ഉത്തരവുകൾ, എസ്. ഒ.പി കൾ , പരിശീലനങ്ങൾ തുടങ്ങിയവ ലഭ്യമാക്കുന്നതിന് ഒപ്പം സമ്പൂർണമായി ഡിജിറ്റലൈസേഷനും അനിവാര്യമാണ്. അനുബന്ധനിയമങ്ങളിലും ചട്ടങ്ങളിലും ആവശ്യമായ മാറ്റങ്ങൾ കൊണ്ടുവരേണ്ടതുണ്ട്. കൂടാതെ നിയമനടപടികൾ കാര്യക്ഷമമാകുന്നതിന് ജനകീയ ഇടപെടലിനും അവസരം നൽകണം. സിങ്കിൾ വാട്സപ്പ് നമ്പർ ഇതിലേക്കുള്ള ഒരു ചുവടാണ്. ഇവയെല്ലാം പരിഗണിച്ചു കൊണ്ടുള്ള സമഗ്ര ഇടപെടലാണ് ലക്ഷ്യമിടുന്നത്.

**11. ഗ്രീൻ എൻ്റർ പ്രൈസ് പാർക്കുകൾ:**

*മാലിന്യ പരിപാലനം വിപുലമായ വ്യാവസായ സാദ്ധ്യതകൾ തരുന്ന മേഖലയാണ്. ജൈവമാലിന്യം, കന്നുകാലിതീറ്റ , മത്സ്യ തീറ്റ, വളം, ബയോഗ്യാസ്- ഇന്ധനം തുടങ്ങിയ വ്യവസായങ്ങൾക്കും അജൈവപാഴ് 'വസ്തുക്കൾ വിവിധ വ്യാവസായങ്ങളുടെ അസംസ്കൃത വസ്തുവുമാണ്. കൂടാതെ മാലിന്യ പരിപാലന ഉപാധികൾ, ബദൽ ഉല്പന്നങ്ങൾ, തുടങ്ങി നേരിട്ടും പരോക്ഷമായും വലിയ വ്യവസായ - തൊഴിൽ മേഖലയാണ്. മാത്രമല്ല പരിമിതപ്പെടുന്ന വിഭവങ്ങളുടെ ദീർഘകാല ഉപയോഗം ഉറപ്പാക്കുന്നതിനും ഈ രംഗത്തെ വ്യാവസായിക ഇടപെടൽ ഒഴിവാക്കാൻ കഴിയാത്തതായിരിക്കുന്നു.* ഇത് പ്രോത്സാഹിപ്പിക്കുന്നതിനായി ഗ്രീൻ എൻ്റർപ്രൈസ് പോളിസിയും സർക്കാരിൻ്റെ പരിഗണനയിലാണ് . ഇതിൻ്റെ ഭാഗമാണ് ഗ്രീൻ എൻ്റെർപ്രൈസ് പാർക്കുകളും.

12**. മാലിന്യ സംസ്കരണം പിന്തുണ സംവിധാനങ്ങൾ**

ഖര - ദ്രവ മാലിന്യ പരിപാലന പ്രവർത്തനങ്ങൾ നിർവ്വഹിച്ചു വരുന്ന എല്ലാ സർക്കാർ സംവിധാനങ്ങളേയും ഏകോപിപ്പിച്ച് പ്രവർത്തിക്കാൻ ചുമതലയും അധികാരവും മനുഷ്യ വിഭവവും സ്ഥാപന സംവിധാനങ്ങളും ഉള്ള ഒരു സ്വതന്ത്ര സംവിധാനത്തിന് രൂപം നൽകും

(A)**ശുചിത്വ മിഷൻ സംവിധാനം വിപുലീകരിക്കും.**

കേരളത്തെ മാലിന്യമുക്ത സംസ്ഥാനമായി മാറ്റുന്നതിനും സുസ്ഥിരമാക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ഇതര വകുപ്പുകൾക്കും സ്വകാര്യ – വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്കും സാങ്കേതിക സഹായം നൽകുന്നത് ശുചിത്വ മിഷനാണ്. എന്നാൽ ശുചിത്വ മിഷന് നിലവിലുള്ള മനുഷ്യ വിഭവവും സ്ഥാപന സംവിധാനവും ഇക്കാര്യത്തിൽ അപര്യാപ്തമാണ് .വിവിധ വിഭാഗങ്ങളിൽ വരുന്ന മാലിന്യങ്ങൾ ശാസ്ത്രീയമായി പരിപാലിക്കുന്നതിന് അനുയോജ്യമായ സാങ്കേതിക സഹായം നൽകാനുള്ള സംവിധാനം ശുചിത്വ മിഷനിൽ ഉറപ്പാക്കേണ്ടതുണ്ട്. ജൈവമാലിന്യങ്ങൾ,വിവിധ വിഭാഗത്തിൽ വരുന്ന അജൈവമാലിന്യങ്ങൾ, ദ്രവ മാലിന്യം എന്നിവക്കായി പ്രത്യേകം ഡിവിഷനുകളും സാങ്കേതിക വിദഗ്ദ്ധരും എക്സ്റ്റൻഷൻ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകാൻ ആവശ്യമായ വിദഗ്ധരും ഉൾക്കൊള്ളുന്നതായിരിക്കണം ഡിവിഷനുകൾ. നിയമം /ഇ.പി.ആർ , ബിസിനസ് ഡവലപ്പ്മെൻറ് , പരിശീലനം , ഐ. ഇ. സി. എന്നിവക്കും പ്രത്യേക ഡിവിഷനുകൾ ആവശ്യമാണ്.

(B) **ക്ലീൻ കേരളാ കമ്പനി.**

വിവിധ വിഭാഗം പ്ലാസ്റ്റിക് പാഴ് വസ്തുക്കൾ , പേപ്പർ , ചില്ല് , ഇ – മാലിന്യം , തുണി 'തുടങ്ങിയ എല്ലാ പാഴ് വസ്തുക്കളിൽ നിന്നും മൂല്യവർദ്ധിത വസ്തുക്കൾ നിർമ്മിക്കുന്ന സംരംഭങ്ങൾ സ്വകാര്യ സംരംഭകരുടെ 'പങ്കാളിത്തവും കൂടി പ്രയോജനപ്പെടുത്താനും RDF ഉല്പാദിപ്പിക്കുന്ന പ്ലാൻ്റും സാനിട്ടറി പ്ലാൻ്റും അടക്കം എല്ലാ അജൈവമാലിന്യങ്ങളും കൈകാര്യം ചെയ്യുന്ന തരത്തിലെക്കുള്ള കമ്പനിയുടെ മാറ്റത്തിന് അക്കം കൂട്ടുന്ന പ്രവർത്തനമായിരിക്കും അടുത്ത അഞ്ചു വർഷത്തേത്.

**2.14. IMPACT KERALA മുഖേനയുള്ള ബൃഹത്പദ്ധതികൾ**

ഇംപാക്ട് കേരള വിവിധ മേഖലകളിൽ KIIFB / Suchitwa Mission / KURDFC / Navakeralam എന്നീ ധനസ്രോതസുകളുടെ സഹായത്തോടെ നിരവധി പദ്ധതികൾ കൈക്കൊണ്ടിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി മുനിസിപ്പൽ ഓഫീസ് കെട്ടിടങ്ങൾ, ആധുനിക വാതക ശ്മശാനങ്ങൾ, മാർക്കറ്റ് നവീകരണം പദ്ധതികൾ കൂടാതെ, പരിസ്ഥിതി മാലിന്യ നിർമാർജ്ജനം ലക്ഷ്യമാക്കികൊണ്ട് നിരവധി ദ്രവമാലിന്യ സംസ്കരണ പ്ലാൻ്റുകൾ, ആധുനിക രീതിയിലുള്ള അറവുശാലകൾ എന്നിങ്ങനെ നിരവധി പദ്ധതികൾ ഇംപാക്ട് കേരളയുടേതായി നിലവിൽ വരാനുണ്ട്. ടി പദ്ധതികളിൽ DPR തയ്യാറാക്കി വരുന്നവയും, DPR അനുമതിക്കായി സമർപ്പിച്ചവയും ഉൾപ്പെടുന്നു. അടുത്ത വർഷങ്ങളിൽ ടി പദ്ധതികളെല്ലാം തന്നെ പൂർത്തിയാക്കി വിജയകരമായ രീതിയിൽ അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യുന്നതോടൊപ്പം പുതിയ മേഖലകളിൽ പദ്ധതികൾ ഏറ്റെടുത്തു നടപ്പാക്കുന്നതിനുള്ള ശ്രമങ്ങളും നടത്തും.

**2.15കാലാവസ്ഥാ വ്യതിയാനനിയന്ത്രണവും ദുരന്ത പ്രതിരോധവും**

**എ.പ്രാദേശിക തലത്തിലുള്ള കാലാവസ്ഥാ നടപടിയും കാർബൺ ന്യൂട്രാലിറ്റിയും**

ഇന്ത്യയിലെ ആദ്യത്തെ കാർബൺ-ന്യൂട്രൽ പഞ്ചായത്തായി അംഗീകരിക്കപ്പെട്ട വയനാട്ടിലെ മീനങ്ങാടി പഞ്ചായത്ത് പോലുള്ള വിജയകരമായ മാതൃകകളിലൂടെ കാലാവസ്ഥാ വ്യതിയാന പ്രതിരോധ പ്രവർത്തനങ്ങളെ വകുപ്പ് പിന്തുണച്ചുവരുന്നുണ്ട്. 2031 ആകുമ്പോഴേക്കും 50% ഗ്രാമപഞ്ചായത്തുകൾ കാർബൺ-ന്യൂട്രൽ പദവി കൈവരിക്കുക എന്നതാണ് ഉദ്ദേശ ലക്ഷ്യം. വലിയ തോതിലുള്ള വനവൽക്കരണ ബോധന പരിപാടികൾ, വികേന്ദ്രീകൃത പുനരുപയോഗ ഊർജ്ജ ഉപയോഗം (സൗരോർജ്ജവും ബയോഗ്യാസും ഉൾപ്പെടെ), ഊർജ്ജ-കാര്യക്ഷമമായ പൊതു അടിസ്ഥാന

സൗകര്യങ്ങൾ പ്രോത്സാഹിപ്പിക്കൽ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന പ്രാദേശിക നയപരിപാടി നടപ്പിലാക്കുക എന്നതാണ് ഇതിൽ പ്രധാനപ്പെട്ടത് ഭൂമിശാസ്ത്രപരമായും കാലാവസ്ഥാപരമായും ദുർബലമായ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുടനീളം കാലാവസ്ഥാ-പ്രതിരോധശേഷിയുള്ളതും ഊർജ്ജ-കാര്യക്ഷമവുമായ കൃഷി രീതികൾ (CREEA) സംയോജിപ്പിക്കുന്നതാണ്.

നീർത്തടാധിഷ്ഠിത വികസന പദ്ധതികൾ കാലാനുസൃതമായി പരിഷ്കരിക്കും. ഭൂഗർഭ ജല ചൂഷണം ഒഴിവാക്കുന്നതിനും ജലശേഖരം വർദ്ധിപ്പിക്കുന്നതിനും, ജലനിർഗമനം സുഗമമാക്കുന്നതിനുള്ള പദ്ധതികൾക്ക് രൂപം നൽകും. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പ്രാദേശിക ജല ബജറ്റിന് രൂപം നൽകുകയും അതിനനുസരിച്ച് ജലക്കമ്മി (Water deficit) പരിഹരിക്കുന്നതിനുള്ള പദ്ധതികൾ ഘട്ടം ഘട്ടമായി നടപ്പാക്കുകയും ചെയ്യും.

മണ്ണിന്റെ ആരോഗ്യം സംരക്ഷിക്കുന്ന കാർഷികരീതികൾ പ്രോത്സാഹിപ്പിക്കുകയും ജല ഉപയോഗം കുറയ്ക്കുകയും കാർഷിക മേഖലയിൽ നിന്നുള്ള ഹരിതഗൃഹ വാതക ഉദ്വമനം കുറയ്ക്കുകയും ചെയ്യുന്നതിനുതകുന്ന പദ്ധതികൾ ആവിഷ്കരിക്കുകയും ബന്ധപ്പെട്ട വകുപ്പുകളുമായി സഹകരിക്കുകയും ചെയ്യുന്നതാണ്.

കാലാവസ്ഥാ പ്രതിരോധ പ്രവർത്തനങ്ങൾ സ്ഥാപനവൽക്കരിക്കുന്നതിന്, എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട അംഗീകൃത പ്രാദേശിക പ്രവർത്തന പദ്ധതി തയ്യാറാക്കാനും നടപ്പിലാക്കാനും ബാധ്യസ്ഥരായിരിക്കും. സംസ്ഥാന, ആഗോള കാലാവസ്ഥാ ലക്ഷ്യങ്ങളെ സമൂഹ തലത്തിൽ നിർദ്ദിഷ്ടവും പരിമാണികവുമായ പ്രവർത്തനങ്ങളാക്കി മാറ്റുന്നതിന് പ്രാദേശിക തലത്തിൽ ആവിഷ്കരിക്കുന്ന പദ്ധതികൾ നിർണായകമാകും. കൂടാതെ, ദുരന്ത, കാലാവസ്ഥാ പ്രവർത്തന ട്രാക്കിംഗ് സംവിധാനത്തെ വകുപ്പിന്റെ ആസൂത്രണ, നിരീക്ഷണ പ്രക്രിയകളിൽ പൂർണ്ണമായും സംയോജിപ്പിക്കുന്നതാണ് കാലാവസ്ഥാ വ്യതിയാന പ്രതിരോധശേഷിയുള്ള ആസൂത്രണത്തിനായുള്ള രൂപീകരിച്ചിട്ടുള്ള വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനങ്ങൾ വികസന പദ്ധതികൾ രൂപീകരിക്കുന്ന വേളയിൽ പാരിസ്ഥിതിക അപകടസാധ്യതകൾ സജീവമായി ലഘൂകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കുന്നതാണ്.

**ബി.ദുരന്ത തയ്യാറെടുപ്പും അപകടസാധ്യത സംയോജനവും**

പ്രകൃതി ദുരന്തങ്ങൾ, പ്രത്യേകിച്ച് വെള്ളപ്പൊക്കം, മണ്ണിടിച്ചിൽ എന്നിവ സാധാരണമായിട്ടുള്ള കേരളത്തിന്റെ ചരിത്രം, മുൻകരുതൽ പ്രതിരോധത്തിലേക്കുള്ള ഒരു മാതൃകാപരമായ മാറ്റം അനിവാര്യമാക്കുന്നു. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും വാർഷിക പദ്ധതിയിലും മാസ്റ്റർ പ്ലാനുകളിലും ദുരന്തസാധ്യതാ വിവരങ്ങൾ - പ്രാദേശിക പ്രദേശങ്ങളുമായി ബന്ധപ്പെട്ട പ്രത്യേക അപകടസാധ്യതകൾ ഉൾപ്പെടെ - നിർബന്ധിതമായി സംയോജിപ്പിക്കുന്നത് ഉറപ്പുവരുത്തുന്നതാണ്. എല്ലാ പുതിയ വികസന, അടിസ്ഥാന സൗകര്യ പദ്ധതികളും പ്രാദേശിക തല ഡാറ്റയെ അടിസ്ഥാനമാക്കിയുള്ള കർശനമായ, ഡാറ്റാധിഷ്ഠിത അപകടസാധ്യത, വിലയിരുത്തലിന് വിധേയമാണെന്ന് ഇത് ഉറപ്പാക്കുന്നു, ഇത് പരിസ്ഥിതിലോല അല്ലെങ്കിൽ ഉയർന്ന അപകടസാധ്യതയുള്ള മേഖലകളിലെ നിർമ്മാണ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും സാധിക്കുന്നതാണ്. അപകടസാധ്യത വിലയിരുത്തലിലും പദ്ധതി തയ്യാറാക്കലിലും തദ്ദേശ സ്വയംഭരണ സ്ഥാപന പ്രവർത്തകർ, തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ, കമ്മ്യൂണിറ്റി വളണ്ടിയർമാർ എന്നിവരുടെ സജീവ പങ്കാളിത്തം നിർബന്ധമാക്കും. നിർണായകമായി, തദ്ദേശ സ്വയംഭരണ സ്ഥാപന പ്രവർത്തകർ, തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ, കമ്മ്യൂണിറ്റി വളണ്ടിയർമാർ എന്നിവർക്കായി,

അപകടസാധ്യത വിലയിരുത്തൽ, മുന്നറിയിപ്പ് നൽകുന്നതിനുള്ള ആശയവിനിമയപാടവം, ഉടനടി പ്രതികരണ ശ്രമങ്ങൾ എന്നിവയിൽ പരിശീലനം നൽകുന്നതാണ്. വികസന ആസൂത്രണത്തിലൂടെ ഏതൊരു ദുരന്തത്തിനും ആദ്യത്തേതും ഏറ്റവും ഫലപ്രദവുമായ ഇടപെടലിന് തദ്ദേശ ഭരണ സംവിധാനത്തെ പ്രാപ്തമാക്കുകയാണ് ഇതിലൂടെ കൈവരിക്കുന്ന ലക്ഷ്യം.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കിയിട്ടുള്ള ദുരന്ത നിവാരണ പദ്ധതി പ്രകാരം പ്രാദേശിക തലത്തിൽ ആവശ്യമായ അടിസ്ഥാന സൌകര്യങ്ങളും ഉപകരണങ്ങളും സജ്ജമാക്കിയും സന്നദ്ധസേവകർക്കുള്ള കാര്യശേഷി വികസന പരിപാടികൾ നടപ്പിലാക്കിയും മുന്നറിയിപ്പ് ക്രമീകരണ സംബന്ധിധാനങ്ങൾ സ്ഥാപിച്ചും ദുരന്തപ്രതികരണ ശേഷി വർദ്ധിപ്പിക്കുന്നതാണ്.

## 2.16. തനത് വരുമാനം വർധിപ്പിക്കുന്നതിനുള്ള ഇടപെടലുകൾ

തദ്ദേശ സ്ഥാപനങ്ങൾക്ക് തങ്ങളിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകൾ കാര്യക്ഷമമായി നിർവഹിക്കുന്നതിന് തനത് വരുമാനം വർദ്ധിപ്പിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ദൈനംദിന ചെലവുകൾ കഴിഞ്ഞ് തനത് ഫണ്ട് മിച്ചം ഉണ്ടായാൽ മാത്രമേ അനിവാര്യ ചുമതലകൾ ഉൾപ്പെടെയുള്ളവ നിർവഹിക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങൾക്ക് കഴിയൂ. വസ്തു നികുതി പരിഷ്കരണം, കെട്ടിടനിർമ്മാണ ഫീസിൽ വരുത്തിയ വർധന, യഥാസമയം നികുതി ഒടുക്കുന്നതിന് ഈടാക്കുന്ന പലിശ 1 % നിന്ന് 2 % ആയി വർധിപ്പിച്ച നടപടി എന്നിവ തദ്ദേശ സ്ഥാപനങ്ങളുടെ തനത് വരുമാന വർധന ലക്ഷ്യമിട്ടുള്ളതാണ്. അടുത്ത 5 വർഷം കൊണ്ട് കേരളത്തിലെ എല്ലാ തദ്ദേശ സ്ഥാപനങ്ങളും തനത് വരുമാന വർദ്ധനവിലൂടെ സ്വയം പര്യാപ്തത കൈവരിക്കണമെന്ന് വകുപ്പ് ലക്ഷ്യമിടുന്നു.

നികുതി, ഫീസ്, വാടക മുതലായവ ശാസ്ത്രീയമായി പരിഷ്കരിച്ചും വരുമാനചോര്ച്ചയുള്ള മേഖലകൾ കണ്ടെത്തി പരിഹരിച്ചുമാണ് ഇത് സാധ്യമാക്കുക. ക-സ്മാര്ട്ടിന്റെ സാദ്ധ്യത പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ടും GIS ഉപയോഗിച്ചും എല്ലാ കെട്ടിടങ്ങളും ഡാറ്റാബേസിൽ ഉൾപ്പെടുത്തിയും ഇതിനു ആക്കം കൂട്ടും.

തദ്ദേശഭരണസ്ഥാപനങ്ങളുടെ തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പ്രത്യേക യത്നത്തിനു തന്നെ രൂപം കൊടുത്തു നടപ്പാക്കും. തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള സൂക്ഷ്മതല പദ്ധതികൾ ഓരോ തദ്ദേശഭരണസ്ഥാപനത്തിലും തയ്യാറാക്കും. വിവിധ സ്രോതസ്സുകളിൽ നിന്നു ലഭിക്കാവുന്ന പരമാവധി വരുമാനത്തിൽ എത്ര ശതമാനം വീതം പ്രതിവർഷം വർദ്ധിപ്പിക്കാൻ കഴിഞ്ഞു എന്ന പരിശോധന നടത്തും. ഇതിനായി ഏർപ്പെടുത്തേണ്ട GIS അധിഷ്ഠിത സാങ്കേതിക സൗകര്യങ്ങൾ തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ ഉറപ്പുവരുത്തും. Property tax, license fee എന്നിവ യഥാസമയം ശേഖരിക്കുന്നതിനുള്ള സംവിധാനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കും.

## 2.17.നിയമങ്ങളുടെയും ചട്ടങ്ങളുടെയും പരിഷ്ക്കരണം

- കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ കാലാനുസൃതമായ ഭേദഗതികൾ കൊണ്ട് വരും
- തദ്ദേശ സ്ഥാപനങ്ങളിലെ വാങ്ങൽ നടപടികൾ 2010 ലെ പ്രൊക്യൂർമെൻറ് മാർഗ്ഗരേഖ അനുസരിച്ചാണ്. ആയത് സ്റ്റോർ പർച്ചേസ് മാന്വലിന് അനുരൂപമായ പരിഷ്കരിക്കും
- പഞ്ചായത്തുകളിലെ ലൈസൻസ് ചട്ടങ്ങളിൽ കാലാനുസൃത മാറ്റം വരുത്തിയത് പോലെ മുൻസിപ്പാലിറ്റി ലൈസൻസ് ചട്ടങ്ങൾ പുതുക്കി ഉത്തരവ് പുറപ്പെടുവിക്കും.

- E-governance, ease of doing business എന്നിവ നടപ്പിലാക്കിയതിന്റെ ഭാഗമായി ഭേദഗതികൾ വരുത്തേണ്ട നിയമങ്ങളിലും ചട്ടങ്ങളിലും ഭേദഗതി കൊണ്ട് വരും

- തിരക്കേറിയ ജനജീവിതത്തിലും വികസന പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനായി ഗ്രാമങ്ങളിലും, വാർഡ് സഭകളിലും, വാർഡ് കമ്മിറ്റികളിലും ഓൺലൈൻ ആയി പങ്കെടുക്കുന്നതിന് നിയമ സാധുത നൽകി നിയമത്തിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കും.

- തദ്ദേശ സ്ഥാപനങ്ങളിൽ ആസാധാരണ ചെലവുകൾക്ക് നൽകിയിട്ടുള്ള പരിധി ഉയർത്തും

- പദ്ധതി നടത്തിപ്പിൽ PDP മോഡൽ, BOT രീതി എന്നിവ സ്വീകരിക്കുന്നതിനുള്ള മാർഗ്ഗരേഖ പുറപ്പെടുവിക്കും. കൺസൾട്ടൻസി മാർഗ്ഗരേഖ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും

- കേരള ആർട്ട് ആൻഡ് ഹെറിറ്റേജ് റൂൾസ് & റെഗുലേഷൻസ്-ന് സർക്കാർ അംഗീകാരം നൽകുന്നതും വിജ്ഞാപനം ചെയ്യുന്നതും വേഗത്തിലാക്കും. ഇതിനുകീഴിൽ കമ്മീഷൻ ഒരു ഉപദേശക സ്ഥാപനമായി പ്രവർത്തിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സംരക്ഷണ നയങ്ങളിൽ നൂതനാശയങ്ങൾ പ്രോത്സാഹിപ്പിക്കുന്നതാണ്. പൈതൃകം മുൻനിർത്തിയുള്ള നഗരവികസനത്തിന് ആവശ്യമായ സാങ്കേതിക സഹായം, ഗവേഷണ പിന്തുണ എന്നിവ നൽകുന്നതിനായി ഹെറിറ്റേജ് സെൽ സൃഷ്ടിക്കും.

**സംഗ്രഹം**

വികസനത്തിന്റെ ഫലങ്ങൾ സംസ്ഥാനത്തിന്റെ എല്ലാ കോണുകളിലുമുള്ള ഓരോ പൗരനിലും എത്തിച്ചേരുന്നുവെന്ന് ഉറപ്പാക്കിക്കൊണ്ട്, ഈ പരിവർത്തനത്തിന് നേതൃത്വം നൽകാൻ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രതിജ്ഞാബദ്ധമാണ്. ഈ ദർശനത്തിന്റെ വിജയകരമായ സാക്ഷാത്കാരം വകുപ്പുകൾ തമ്മിലുള്ള സഹകരണത്തിലധിഷ്ഠിതമായ സമീപനത്തെയും എല്ലാ സ്റ്റേറ്റ് ഹോൾഡർമാരുടെയും സജീവ പങ്കാളിത്തത്തെയും ആശ്രയിച്ചിരിക്കുന്നു. 2031 ആകുമ്പോഴേക്കും വികസിതമായ ഒരു കേരളം മാത്രമല്ല, മാനുഷികവും ജനാധിപത്യപരവും കാലാവസ്ഥാ- സ്മാർട്ടുമായ സുസ്ഥിര വികസനത്തിന്റെ ഒരു യഥാർത്ഥ ആഗോള മാതൃക കെട്ടിപ്പടുക്കുന്നതിന് എല്ലാവരോടുമൊപ്പം തദ്ദേശസ്വയംഭരണവകുപ്പും അണിചേരുന്നു.